

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ് എ-കെ എൽ എം/പി10/1631/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 23/08/2024
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ് എ-കെ എൽ എം/പി10/1631/24 തീയ്യതി: 23/08/2024

കൊല്ലം ജില്ലയിലെ ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2023 മുതൽ 20-07-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-09-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-07-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.സജികുമാർ ജി.	ഡെപ്യൂട്ടി ഡയറക്ടർ	23-07-2024	31-07-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
23-07-2024	31-07-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അജ്മൽ, എ.എസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി. ശ്രീജ.എസ്, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി. ദിവ്യ. ജെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. സുനിൽ കുമാർ. യു.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ശ്രീജ എസ്.കെ.	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ.ഡെമാസ്റ്റൺ	സെക്രട്ടറി	01-04-2023	05-07-2023
ശ്രീമതി ലീനബീഗം	സെക്രട്ടറി	06-07-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഡോ.ശ്രീലക്ഷ്മി	മെഡിക്കൽ ഓഫീസർ പി.എച്ച് സി .	01-04-2023	04-07-2023
ഡോ.സെമീന കെ.	മെഡിക്കൽ ഓഫീസർ പി. എച്ച് സി .	05-07-2023	31-03-2024
ഡോ.നിഷാന്ത്	വെറ്ററിനറി സർജൻ അരിനെല്ലൂർ തേവലക്കര	01-04-2023	31-03-2024
ഡോ.ഗൌരി	മെഡിക്കൽ ഓഫീസർ (ആയൂർവേദം)	01-04-2023	31-03-2024
ശ്രീമതി ഷാജിത എച്ച്	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2023	31-03-2024
ശ്രീ.പ്രദീപ്	കൃഷിഓഫീസർ	01-04-2023	05-08-2023
ശ്രീമതി മാനസജ്യോതി	കൃഷിഓഫീസർ	18-08-2023	31-03-2024
ശ്രീമതി രതി റ്റി.	വി.ഇ.ഒ.	01-04-2023	31-03-2024
ശ്രീ.ഗിരീഷ് വി.	വി.ഇ.ഒ.	01-04-2023	31-03-2024
ശ്രീ.ഉമേഷ്	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	31-03-2024
ശ്രീമതി അനീസ എ.	ഹെഡ്മിസ്ട്രസ്സ്	01-04-2023	05-06-2023
ശ്രീ.എഡ്ഗർ സക്കറിയാസ്	ഹെഡ്മാസ്റ്റർ	07-06-2023	31-03-2024
ശ്രീ.അനിൽകുമാർ ജി.	അസി. സെക്രട്ടറി	01-04-2023	09-08-2023
ശ്രീ.അജിത് മോഹൻ	അസി. സെക്രട്ടറി	02-09-2023	31-03-2024
ശ്രീമതി സരിതഭാർഗ്ഗവൻ	അസി എഞ്ചിനീയർ	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള.പത്രികകൾ ഉൾപ്പെട്ടിട്ടില്ല.	1-1-1
3	ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.	1-1-2
4	പേയ്മെന്റ് ആകാത്ത ബില്ലുകൾ Web Saankhya ACR ൽ നിന്നും ഒഴിവാക്കിയിട്ടില്ല	1-1-3
5	സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.	1-1-4
6	വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.	1-1-5
7	ചെലവ് തെറ്റായ ശീർഷകത്തിൽ ബുക്ക് ചെയ്തിരിക്കുന്നു	1-1-6
8	ബജറ്റ്	1-2
9	സാമ്പത്തിക വിശകലനം	1-3
10	ഗ്രാന്റ് വിനിയോഗം	1-4
11	പദ്ധതി അവലോകനം	1-5
12	തൊഴിലുറപ്പ് പദ്ധതി	1-6
13	ക്ഷേമ പദ്ധതികൾ	1-7
14	ക്യാഷ് പരിശോധന	1-8
15	ആഭ്യന്തരനിയന്ത്രണം	1-9
16	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
17	ഓഡിറ്റ് ഇംപാക്ട്-കരാറുകാരന് അധികം നൽകിയ 20848 രൂപ പഞ്ചായത്ത് ഫണ്ടിൽ തിരികെ ഒടുക്കി	1-11
18	കരാർ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല	1-12
19	എസ്.സി. വിദ്യാർത്ഥികൾക്ക് ഫർണിച്ചർ പദ്ധതി- രേഖകൾ ഹാജരാക്കിയില്ല	1-13
20	പദ്ധതികളുടെ ഫലപ്രാപ്തി സംബന്ധിച്ച ബന്ധപ്പെട്ട മോണിട്ടറിങ്ങ് കമ്മിറ്റിയുടെ അവലോകന റിപ്പോർട്ടുകൾ ഇല്ല	1-14
21	വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികൾ നടപ്പാക്കുന്നില്ല	1-15
22	പ്രവൃത്തികൾ ആരംഭിക്കാതെ കരാർ ലംഘനം നടത്തിയ കരാറുകാർക്കെതിരെ നിയമ നടപടി സ്വകീരിച്ചില്ല.	1-16
23	ധന വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു	1-17
24	പഞ്ചായത്ത് ഓഫീസിലേക്ക് പ്രിന്റർ, സ്കാനർ - കരാറുകാരന് അധികം തുക നൽകി	1-18
25	ദുരിതാശ്വാസനിധിയുടെ വിനിയോഗം കാര്യക്ഷമമല്ല	1-19
26	ഹോംകോയിൽ നിന്ന് മരുന്ന് പൂർണ്ണമായും ലഭിച്ചില്ല	1-20
27	മരുന്ന് പൂർണ്ണമായി ലഭ്യമായില്ല	1-21
28	സർക്കാർ മാർഗനിർദേശം പാലിക്കാതെ ഉപകരണം വാങ്ങി	1-22
29	നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ല.	1-23
30	സംയുക്ത പ്രോജക്ടുകൾക്കായുള്ള ബ്ലോക്ക് ,ജില്ലാ പഞ്ചായത്ത് വിഹിതം -വിനിയോഗമില്ലാതെ അവശേഷിക്കുന്നു	1-24
31	കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 20939154/- രൂപ ബാധ്യതയായി അവശേഷിക്കുന്നു	1-25
32	മുൻകൂർ ഒരു ഗഡു തുക കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല	1-26
33	സാനിട്ടറി നാപ്കിൻ ഇൻസിനറേറ്റർ പ്രവർത്തനം ആരംഭിച്ചിട്ടില്ല.	1-27

34	അങ്കണവാടികൾക്ക് കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും ഉറപ്പാക്കുന്നില്ല	1-28
35	ആർദ്രം പദ്ധതി പ്രകാരം മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ജീവനക്കാരെ നിയമിച്ച് വേതനം നൽകി	1-29
36	ഹരിതകർമ്മസേന അവലോകനം	1-30
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
1	ആർദ്രം പദ്ധതി പ്രകാരം മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ജീവനക്കാരെ നിയമിച്ച് വേതനം നൽകി	3-1
2	പഞ്ചായത്ത് ഓഫീസിലേക്ക് പ്രിന്റർ,സ്കാനർ - കരാറുകാരന് അധികം തുക നൽകി	3-2
ഭാഗം **4**		
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ / വായ്പാ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	അനുബന്ധപത്രികകൾ	

ഭാഗം –1

പൊതു അവലോകനം

1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

ശൂരനാട് സൗത്ത് ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം&എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 25.05.2024 ലെ (1)-ാംനമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 28.05.2024 ൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി.&എ.ജി.ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ശൂരനാട് സൗത്ത് ഗ്രാമ പഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ൽ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം:കൊല്ലം
തീയതി: 23-08-2024

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

1–1–1 വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള.പത്രികകൾ ഉൾപ്പെട്ടിട്ടില്ല.

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ എന്നീ പത്രികകൾ വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെട്ടിട്ടില്ല.

1-1-2 കൃാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ കൃാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

കൃാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ കൃാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ഓപ്പറേറ്റിംഗ്, ഇൻവെസ്റ്റിംഗ്, ഫിനാൻസിംഗ് പ്രവൃത്തികളിൽ ജനറേറ്റ് ചെയ്ത കൃാഷ് = 33801083/-രൂപ

മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം (40b-40a) = 27616718/-രൂപ

1-1-3 പേയ്മെന്റ് ആകാത്ത ബില്ലുകൾ Web Saankhya ACR ൽ നിന്നും ഒഴിവാക്കിയിട്ടില്ല

പേയ്മെന്റ് ആകാത്ത ബില്ലുകൾ Web Saankhya ACR ൽ നിന്നും ഒഴിവാക്കാത്തതിനാൽ ACR പ്രകാരമുള്ള ചെലവും സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവും വ്യത്യാസപ്പെട്ടിരിക്കുന്നു

വിശദാംശം ചുവടെ ചേർക്കുന്നു.

ഫണ്ടിനം	ACR പ്രകാരമുള്ള ചെലവ്	സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ്	വ്യത്യാസം
മെയിന്റനൻസ് ഫണ്ട് -റോഡ്	9891391/-രൂപ	5913241/-രൂപ	3978150/-രൂപ

1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല. വസ്തു നികുതി അക്രുവൽ എൻട്രി യഥാസമയം രേഖപ്പെടുത്തിയിട്ടില്ല.

1-1-5 വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.

(I) ആസ്തി രജിസ്റ്റർ മൂല്യാടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആസ്തികളുടെ മൂല്യം, ഡിപ്രീസിയേഷൻ തുകകളുടെ കൃത്യത എന്നിവ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

(Ii) ബാലൻസ് ഷീറ്റ് ബി-14 ഷെഡ്യൂളിലെ ഹെഡ് 430100102 പ്രകാരം ക്ലോസിംഗ് സ്റ്റോക്കിന്റ മൂല്യം 144479/-രൂപ ആയതിന്റെ കൃത്യത കാണിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-1-6 ചെലവ് തെറ്റായ ശീർഷകത്തിൽ ബുക്ക് ചെയ്തിരിക്കുന്നു

ഹെഡ് കോഡ് 252140202 -Projects As Per Govt Order Loan Repayment Of Housing Schemes ആണ് 7532351/-രൂപ ചെലവ് ചെയ്തിട്ടുണ്ട്. ടി ഹെഡിൽ ബഡ്സ് സ്കൂൾ നിർമ്മാണം, ജി.എസ്.ടി കോമ്പൻസേഷൻ-തനതുഫണ്ട് ചെലവ് തുക 172529/-രൂപ തെറ്റായി ജേണൽ ചെയ്തിരിക്കുന്നു. യഥാർത്ഥ ചെലവ് ലോൺ റിപേയ്മെന്റ് ജി.ഒ പ്രോജക്ട് പ്രകാരം 7359822/-രൂപയാണ്.

1-2 ബജറ്റ്

2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് 20.03.23 ലെ 1(1) നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 23.01.24 ലെ 12(1) നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	27287541/-രൂപ
വരവ്	10,32,86,805/-രൂപ
ആകെ	13,05,74,346/-രൂപ

ചെലവ്	7,56,70,087/-രൂപ
നീക്കിയിരിപ്പ്	54904259/-രൂപ
വരവിനങ്ങളിലെ നഷ്ടം	ഇല്ല
ചെലവിനങ്ങളിലെ നഷ്ടം	200,435/-രൂപ
തടസ്സപ്പെടുത്തിയ തുക	15.63,918/-രൂപ

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ട് ഇനം	മുൻ ബാക്കി ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കി ബാക്കി/ ലാപ്സായ തുക₹
വികസന ഫണ്ട്- പൊതു.	0	20664000/-	20664000/-	19656429/-	1007571/-
വികസന ഫണ്ട്- എസ് സി പി	0	10658000/-	10658000/-	10509405/-	148595/-
മെയിന്റനൻസ് ഗ്രാന്റ്- റോഡ്	0	8070650/-	8070650/-	5913241/-	2157409/-
മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ്	0	4691400/-	4691400/-	4691326/-	74/-
സിഎഫ് സി-ടൈഡ് ബാങ്ക്	13,52,685/-	2566500/-	3919185/-	2499964/-	1419221/-
സിഎഫ് സി- അൺടൈഡ്-ബാങ്ക്	3,73,192/-	3495512/-	3868704/-	2152463/-	1716241/-

മറ്റ് അക്കൗണ്ടുകൾ- സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ

ഫണ്ട് ഇനം	മുൻ ബാക്കി ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കി ബാക്കി ₹
ലൈഫ് സ്റ്റേറ്റ് ഷെയർ	32,96,745/-	19060000/-	22356745/-	4112287/-	18244458/-
ശുചിത്വ മിഷൻ	115292/-	0	115292/-	0	115292/-
സോഷ്യൽ ജസ്റ്റിസ് ക്യാപിറ്റൽ	5701/-	228/-	5929/-	0	5929/-
ബെസ്റ്റ് പഞ്ചായത്ത് അവാർഡ്	200000/-	0	200000/-	O	200000/-
ഇന്റർനാഷണൽ ഓർഗനൈസേഷൻസ് ക്യാപിറ്റൽ	38136/-	1525/-	39661/-	0	39661/-

മറ്റ് അക്കൗണ്ടുകൾ- കേന്ദ്രാവിഷ്കൃത ഫണ്ടുകൾ

ഫണ്ട് ഇനം	മുൻ ബാക്കി ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കി ബാക്കി ₹
ഐസിഡിഎസ്	12,00,317/-	1716314/-	2916631/-	1149186/-	1767445/-
എംജിഎൻആർഇജിഎസ്	530/-	1324369/-	1324899/-	1324899/-	0
റ്റിഎസ് സി	34,34,667/-	91125/-	3525792/-	2978185/-	547607/-
കേന്ദ്ര അവാർഡ്	15,78,878/-	46261/-	1625139/-	1216/-	1623923/-
ഹെൽത്ത് ഗ്രാന്റ് -ഇൻഫ്രാസ്ട്രക്ചർ	1,43,489/-	909588/-	1053077/-	291575/-	761502/-
ഹെൽത്ത് ഗ്രാന്റ്- വെൽനസ് സെന്റർ	41,932/-	382345/-	424277/-	273715/-	150562/-
സോഷേൽ ജസ്റ്റിസ് ക്യാപിറ്റൽ	5701/-	228/-	5929/-	0	5929/-

സിഎഫ് സി- അൺടൈഡ്- ബാങ്ക്-ചെലവ് 2152463/-രൂപയാണ്. ആയതിൽ 2152403/-രൂപ പദ്ധതി ചെലവും 60/-രൂപ ബാങ്ക് ചാർജ്ജുമാണ്.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (രൂപ)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (രൂപ)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
171	369345500/-	108	103295902/-	15	48	63.15

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരുപ്പ് (₹)
ഭരണചെലവുകൾ	530/-	13,24,369/-	13,24,899/-	13,24,899/-	0
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	-	66847317/-	66847317/-	66847317/-	-
ആകെ	530/-	68171686/-	68172216/-	68172216/-	0

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക (₹)
കർഷകതൊഴിലാളി പെൻഷൻ	1697600/-
വിധവാപെൻഷൻ	10961300/-
വാർദ്ധക്യകാലപെൻഷൻ	20682200/-
ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ	4094200/-
50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	95400/-
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം	150000/-

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.07.2024 2.31 PM ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15080/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ ഐ.എൽ.ജി.എം.എസ്. രസീത് നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൗണ്ട് ചെയ്യുന്നുണ്ട്. മാനുവൽ രസീത് മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്കിന്റെ കൃത്യത മേൽനോട്ട ചുമതലയുള്ളവർ പരിശോധിച്ച് ഉറപ്പാക്കുന്നുണ്ട്. പേയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും, ഐ.എൽ.ജി.എം.എസ്. വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നു. വാങ്ങലുകൾ പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മിറ്റികളുടെ ചുമതലയിൽ നിർവ്വഹിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി

പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പദ്ധതി പ്രവർത്തനങ്ങളുടെ ഫലപ്രദമായ മോണിറ്ററിംഗ് നടത്തുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ധനമിടപാടുകൾ സുതാര്യവും കൃത്യതയുമാക്കുന്നതിനും, ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ നിർവഹിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ആഭ്യന്തരനിയന്ത്രണ സംവിധാനം പര്യാപ്തമാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	12/08/2022	04-2022 മുതൽ 06-2022 വരെ	12/08/22
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	23/02/2017	2011-12 മുതൽ 2015-16 വരെ	12/04/17

1-11 ഓഡിറ്റ് ഇംപാക്ട്-കരാറുകാരന് അധികം നൽകിയ 20848 രൂപ പഞ്ചായത്ത് ഫണ്ടിൽ തിരികെ ഒടുക്കി

തെരുവ് വിളക്കുകൾക്ക് സാധന സാമഗ്രികൾ വാങ്ങുന്നതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി പദ്ധതി (S0008/24) ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം തെരുവ് വിളക്ക് ഉപകരണങ്ങൾ വിതരണം ചെയ്ത സ്ഥാപനത്തിന് അധികം അനുവദിച്ച് നൽകിയ തുക ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് പഞ്ചായത്ത് ഫണ്ടിൽ തിരികെ ഒടുക്കി. വിശദ വിവരം താഴെ ചേർക്കുന്നു.

Gem പോർട്ടൽ മുഖേന കെ.എം.അസ്സോസ്സിയേറ്റ്സ് എന്ന സ്ഥാപനത്തിൽ നിന്നാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്. ഈ ഇനത്തിൽ ആകെ 614939/-രൂപയുടെ (18% ജി.എസ്.ടി.ഉൾപ്പെടെ) ബില്ലാണ് സ്ഥാപനം ഹാജരാക്കിയെതെങ്കിലും ആകെ 635807/-രൂപ പദ്ധതിക്കായി ചെലവഴിച്ചു. ധനകാര്യകമ്മീഷൻ വിഹിതത്തിൽ നിന്ന് 500000/- രൂപയും തനത് ഫണ്ടിൽ നിന്ന് 135807/-രൂപയുമാണ് ചെലവഴിച്ചിട്ടുള്ളത്. ജി.എസ്.ടി. ടി.ഡി.എസ്. കണക്കാക്കിയതിൽ സംഭവിച്ച പിശക് മൂലമാണ് അധികം തുക ചെലവഴിച്ചത്. 2017-ലെ ചരക്ക് സേവന നികുതി നിയമത്തിലെ സെക്ഷൻ 51 പ്രകാരം 250000/-രൂപയിൽ കൂടുതലുള്ള വാങ്ങലുകൾക്ക് നികുതി ഒഴിച്ചുള്ള തുകയുടെ 2% തുകയ്ക്ക് തുല്യമായ തുക സ്രോതസ്സിൽ നിന്നും നികുതിയായി കുറവ് ചെയ്തതിന് ശേഷം അവശേഷിക്കുന്ന തുക കരാറുകാരന് അനുവദിക്കേണ്ടതിന് പകരം ഫൈനൽ ബിൽതുകയോടൊപ്പം 2% ജി.എസ്.ടി. കൂടി കണക്കാക്കിയതിനാൽ അധികം തുക ചെലവഴിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

കരാറുകാരന് അനുവദിച്ച തുക	കരാറുകാരന് അനുവദിക്കേണ്ട തുക	അധികം നൽകിയ തുക
625383/- രൂപ (450000+50000+125383)	604536/- (614959- (521150x2%)	20847/- രൂപ

അധികം നൽകിയ 20847/-രൂപ 31.07.2024 ലെ 1240300699-ാംനമ്പർ രസീത് പ്രകാരം പഞ്ചായത്ത് ഫണ്ടിൽ തിരികെ ഒടുക്കി. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ജി എസ് ടി ,ടിഡിഎസ് ഇനത്തിൽ ഒടുക്കുവരുത്തേണ്ട 10423 രൂപാ ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതുമാണ്.

1-12 കരാർ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലെടുക്കുകയും, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിൽ പ്രസ്താവിച്ചിട്ടുള്ള പ്രകാരമുള്ള കുറഞ്ഞ വേതനം കൈപ്പറ്റുകയും ചെയ്യുന്ന നിയമാനുസൃത ഇളവുകൾ ലഭിക്കാത്ത എല്ലാവരും തൊഴിൽനികുതി അടയ്ക്കാൻ ബാധ്യസ്ഥരാണ്. എന്നാൽ പഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ചുവടെ ചേർക്കുന്ന ജീവനക്കാർ

2023-24 വർഷത്തെ തൊഴിൽനികുതി രജിസ്റ്ററിലും, അർദ്ധവാർഷിക വരുമാന പത്രികയിലും ഉൾപ്പെട്ടിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ശ്രീമതി അശ്വതി എസ്	ഡോക്ടർ
ശ്രീമതി സുലൈഖാ ബീവി	ഫാർമസിസ്റ്റ്
ശ്രീമതി രേവതി എ.ആർ	ഫാർമസിസ്റ്റ്
ശ്രീമതി സജിതാ ഭാസ്കരൻ	ലാബ് ടെക്നീഷ്യൻ

മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ജീവനക്കാരിൽ നിന്ന് നികുതി ഈടാക്കിയതിന്റെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചില്ല. നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി-14/30.07.24

1-13 എസ്.സി. വിദ്യാർത്ഥികൾക്ക് ഫർണിച്ചർ പദ്ധതി- രേഖകൾ ഹാജരാക്കിയില്ല

പദ്ധതി – 152/23-24, എസ്.സി. വിദ്യാർത്ഥികൾക്ക് ഫർണിച്ചർ(സ്പിൽ ഓവർ)
അടങ്കൽ – 9,98,010/-രൂപ (വികസന ഫണ്ട് എസ്.സി.പി.)
ചെലവ് – 784672 /-രൂപ.
എൻക്വയറി നമ്പർ-7/27.07.24.
2022-23 വാർഷിക പദ്ധതിയിൽ അംഗീകരിച്ച എസ്.സി. വിദ്യാർത്ഥികൾക്ക് ഫർണിച്ചർ എന്ന പദ്ധതി 140 കുട്ടികൾക്ക് സ്റ്റീൽ മേശ, കസേര എന്നിവ വാങ്ങി സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകിയ ലിസ്റ്റ് പ്രകാരം കുട്ടികളെ തിരഞ്ഞെടുത്ത് വിതരണം ചെയ്യാനുള്ളതായിരുന്നു. സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തിയ 234 കുട്ടികളുടെലിസ്റ്റ് അനുസരിച്ച് പദ്ധതിയുടെ ഭാഗമായി 234 മേശയും, കസേരയും KADCO യിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഇതിൽ 2022-23 ൽ 50 മേശയുടെയും, 50 കസേരയുടെയും തുകയായ 2,13,226/-രൂപ (ബിൽ.നമ്പർ-417/28.03.23) മാത്രമാണ് നൽകിയത്. 2023-24 ൽ 571446/-രൂപ (ബിൽ.നമ്പർ-1/20.06.23), 2,13,226/-രൂപ (ബിൽ നമ്പർ-3/02.02.24) പ്രകാരം ആകെ 784672/-രൂപ ചെലവഴിച്ചിട്ടുണ്ട്. മേശയും, കസേരയും കുട്ടികൾ കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. സ്കൂൾ അധികൃതർ നൽകിയ ലിസ്റ്റിൽ ഉൾപ്പെട്ട 234 ഗുണഭോക്താക്കളെ അംഗീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം:-7/27.07.24) ന് മറുപടി നൽകിയിട്ടില്ല . 102 ഗുണഭോക്താക്കളെ കൂടുതലായി ഉൾപ്പെടുത്തുന്നതിനായി പദ്ധതി പരിഷ്കരിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല. കൂടാതെ വിതരണ രേഖകൾ, ഗ്രാമസഭ അംഗീകരിച്ച 234 പേരുടെ ഗുണഭോക്തൃ ലിസ്റ്റ് എന്നിവയും ഹാജരാക്കേണ്ടതാണ്. മേൽ അപാകതകൾ മൂലം 2023-24 വർഷം ടി പ്രോജക്ടിനായി ചെലവഴിച്ച 784672/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് അന്വേഷണം-7/27.07.2024

തടസ്സപ്പെടുത്തിയ തുക-784672/- രൂപാ

1-14 പദ്ധതികളുടെ ഫലപ്രാപ്തി സംബന്ധിച്ച ബന്ധപ്പെട്ട മോണിട്ടറിങ്ങ് കമ്മിറ്റിയുടെ അവലോകന റിപ്പോർട്ടുകൾ ഇല്ല

വെറ്റിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി 2023-24 വർഷം പഞ്ചായത്തിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ടി പദ്ധതികൾ നടപ്പിലാക്കുന്നത് വഴി ലഭിക്കേണ്ടിയിരുന്ന ഫലപ്രാപ്തി കൈവരിച്ചിട്ടുണ്ടോ എന്ന് യാതൊരു വിധ അവലോകനവും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം	പ്രോജക്ടിന്റെ പേര്/നം	പ്രോജക്ടിലെ ഗുണഭോക്താക്കളുടെ	ചെലവ് (₹)

		എണ്ണം	
1	പോത്ത്കുട്ടി വളർത്തൽ (ജനറൽ), 27/23-24	90	1320000/-
2	പോത്ത്കുട്ടി വളർത്തൽ(എസ് സി), 28/23-24	42	607500/-
3	പശു വളർത്തൽ (ജനറൽ), 94/23-24	90	1920000/-
4	അടുക്കള മുറ്റത്ത് മുട്ടക്കോഴി വളർത്തൽ ,32/23-24	690	468950/-

കേരളത്തിന്റെ സുസ്ഥിര വികസനം ലക്ഷ്യമാക്കി നേട്ടങ്ങൾ വർധിപ്പിക്കുന്നതിനും, സാമ്പത്തിക വളർച്ച ഉറപ്പാക്കുന്നതുമായിരിക്കണം നടപ്പിലാക്കപ്പെടുന്ന പദ്ധതികൾ. കേരളത്തിന്റെ സാമ്പത്തിക വികസനത്തിന് ഗതിവേഗം നല്കുകയെന്നതാണ് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങളിൽ പ്രധാനം. ഉത്പാദനം, ഉത്പാദനക്ഷമത എന്നിവ വർധിപ്പിക്കുക വഴി സുസ്ഥിരമായ സാമ്പത്തിക നേട്ടം കർഷകർക്ക് ഉണ്ടാകുന്ന രീതിയിലായിരിക്കണം പദ്ധതികൾ ആവിഷ്കരിച്ച് നിർവ്വഹണം ചെയ്യേണ്ടത്. പദ്ധതിമാർഗരേഖ സ.ഉ.കൈ.നം.84/2022/LSGD തീയതി-19.04.2022 ഖ.3.1.2(ബി)13 ൽ അതത് വർക്കിങ് ഗ്രൂപ്പുകൾ പ്രോജക്ട് മോണിട്ടറിങ് നിർവ്വഹിക്കേണ്ടതാണെന്നും വർക്കിങ് ഗ്രൂപ്പ് പ്രോജക്ട് നിർവ്വഹണത്തിനു ശേഷം മോണിട്ടറിങ് കമ്മിറ്റികളായി പ്രവർത്തിക്കണമെന്നും നിഷ്കർഷിച്ചത് വെറ്റിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകളിൽ ഒന്നിലും തന്നെ പാലിച്ചിട്ടില്ല. കൂടാതെ പഞ്ചായത്തിൽ നടപ്പിലാക്കിയ മേൽ പദ്ധതികളിലൊന്നും തന്നെ അവയുടെ ഫലപ്രാപ്തി സംബന്ധിച്ച യാതൊരുവിധ അവലോകനവും നടത്തിയതായ റിപ്പോർട്ടുകൾ ഇല്ല. ടി പദ്ധതികൾ സംബന്ധിച്ച അവലോകനം നടത്തി റിപ്പോർട്ട് ലഭ്യമാക്കേണ്ടതും, വരും വർഷങ്ങളിൽ പദ്ധതിയുടെ ഫലപ്രാപ്തി സംബന്ധിച്ച ബന്ധപ്പെട്ട മോണിട്ടറിങ് കമ്മിറ്റിയുടെ അവലോകന റിപ്പോർട്ടും കൂടി പദ്ധതിയുടെ ഭാഗമാക്കേണ്ടതുമാണ്.

1-15 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികൾ നടപ്പാക്കുന്നില്ല

2023-24 സാമ്പത്തികവർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി ആവിഷ്കരിച്ച ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രോജക്ടിന്റെ പേര്,നമ്പർ	വകയിരുത്തിയ തുക
1	ഹരിതസഹായ സ്ഥാപനത്തിന് വിഹിതം നൽകൽ	320000/-രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
2	എം.സി.എഫി.ൽ അഗ്നി സുരക്ഷാ സംവിധാനം ഒരുക്കൽ	50000/-രൂപ (തനത്ഫണ്ട്)
3	പൊതു ഇടങ്ങളിൽ സി.സി.ടി.വി.ക്യാമറ സ്ഥാപിക്കൽ	75000/-രൂപ (തനത്ഫണ്ട്)
4	ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ	200000/-രൂപ (തനത്ഫണ്ട്)
5	വരൾച്ചാ ദുരിതാശ്വാസ പദ്ധതി കുടിവെള്ള വിതരണം	250000/-രൂപ (തനത്ഫണ്ട്)
6	ലൈബ്രറികൾക്ക് അനുബന്ധ സൌകര്യം	100000/-രൂപ (തനത്ഫണ്ട്)
7	ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ	500000/-രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
8	ആന്റി റാബിസ് വാക്സിനേഷൻ ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ	50000/-രൂപ (തനത്ഫണ്ട്)

9	സമ്പൂർണ്ണ മാലിന്യ മുക്ത പഞ്ചായത്ത്-ശ്മശാനത്തിന് വസ്തു വാങ്ങൽ	1800000/-രൂപ തനത് ഫണ്ട്,ജില്ലാ.പ.വിഹിതം
10	സമ്പൂർണ്ണ മാലിന്യ മുക്ത പഞ്ചായത്ത്-അറവ് ശാലയ്ക്ക് വസ്തു വാങ്ങൽ	1800000 രൂപ തനത് ഫണ്ട്,ജില്ലാ പഞ്ചായത്ത് വിഹിതം
11	ജനസൌഹൃദ ശ്രുരനാട് തെക്ക്-ഫ്രണ്ട് ഓഫീസ് നവീകരണം	100000/-രൂപ തനത് ഫണ്ട്
12	പൊതുടാപ്പുകൾ നിർത്തലാക്കുന്നതിനുള്ള ഡിസ്മാന്റിലിംഗ് ഫീസ് ഒടുക്കൽ	600000/-രൂപ തനത് ഫണ്ട്

അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കാത്തത് നിർവ്വഹണ ഉദ്യോഗസ്ഥന്റെയും, പഞ്ചായത്ത് ഭരണസമിതിയുടെയും ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്. ഗ്രാമപഞ്ചായത്തിന്റെ ആവർത്തന ചെലവ് കുറയ്ക്കാൻ ഉതകുന്ന പദ്ധതി മുതൽ, പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകാൻ സഹായകരമാകുന്ന പദ്ധതി വരെ നടപ്പാക്കാത്ത പദ്ധതികളിൽ ഉൾപ്പെട്ടിട്ടുണ്ട്. പ്രദേശത്തിന് അനുയോജ്യമായ പ്രോജക്ടുകൾ ആവിഷ്കരിച്ച്, അംഗീകാരം വാങ്ങി യഥാസമയം നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അംഗീകാരം ലഭിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ ഭരണസമിതിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി-3/26.07.24

1-16 പ്രവൃത്തികൾ ആരംഭിക്കാതെ കരാർ ലംഘനം നടത്തിയ കരാറുകാർക്കെതിരെ നിയമ നടപടി സ്വീകരിച്ചില്ല.

2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട് ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാർ വച്ചിരുന്ന ചില നിർമ്മാണ/പുനരുദ്ധാരണ പ്രവൃത്തികൾ 2024- 2025 സാമ്പത്തിക വർഷത്തിലും ആരംഭിച്ചിട്ടില്ല. കരാർ ലംഘനം നടത്തിയ കരാറുകാർക്കെതിരെ നിയമനടപടികൾ സ്വീകരിച്ച് നഷ്ടോത്തരവാദിത്വത്തിൽ പുതിയ ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തികൾ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. പ്രവൃത്തികൾ , കരാറുകാർ എന്നീ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നം / പ്രവൃത്തിയുടെ പേര്	കരാറുകാരൻ	എഗ്രിമെന്റ് നം./തീയതി	പ്രവൃത്തി പൂർത്തിയാക്കേണ്ട കാലാവധി
ശുചിത്വ ബോർഡ് സ്ഥാപിക്കൽ	ശ്രീ രഘുനാഥൻ പിള്ള	19/23-24; 16-10-23	4 മാസം
പൊതുകിണർ മെയിന്റനൻസ്	ശ്രീ ഹാഷിം എ	20/23-24; 17-10-23	5 മാസം
ചെറുകരമുക്ക് കക്കാകുന്ന് റോഡ് പുനരുദ്ധാരണം.	ശ്രീ ഉണ്ണികൃഷ്ണപിള്ള	23/23-24; 25-10-24	4 മാസം
സ്കൂൾ കെട്ടിടം പുനരുദ്ധാരണം.	ശ്രീ നസീർ കെ എസ്	21/23-24; 25-10-24	4 മാസം

കരാറുകാർ 2023-24 വർഷം ഏറ്റെടുത്ത പ്രവൃത്തികൾ നാളിതുവരെ ആരംഭിക്കാതെ കരാർ ലംഘനം നടത്തിയിരിക്കുന്നു. ഏറ്റെടുത്ത പ്രവൃത്തി നിശ്ചിത കാലാവധിക്കുള്ളിൽ പൂർത്തിയാക്കുവാൻ കഴിയാത്ത സാഹചര്യമാണങ്കിൽ, കാലാവധി നീട്ടി നൽകുന്നതിനുള്ള അപേക്ഷ കരാറുകാരൻ അസി.എഞ്ചിനീയർ മുഖേന നൽകേണ്ടതാണ്. PWD Manual 2112.1 പ്രകാരം നിശ്ചിത സമയത്തിനകം അപേക്ഷ നൽകാത്ത പ്രവൃത്തി, കാലാവധി നീട്ടി നൽകാവുന്നതല്ല. പ്രവൃത്തി നടക്കാതിരുന്നത് കരാറുകാരന്റെതല്ലാത്ത കാരണം മൂലമാണന്ന് തെളിയിക്കുന്ന അസി.എഞ്ചിനീയറുടെ റിപ്പോർട്ട്, കരാറുകാരന്റെ അപേക്ഷ, കമ്മിറ്റി തീരുമാനം ഒന്നും തന്നെ മരാമത്ത് ഫയലുകളിൽ ഇല്ല. കരാർ ചമച്ച് നിശ്ചിത സമയം കഴിഞ്ഞും, കരാറുകാരൻ സൈറ്റ് ഏറ്റെടുത്ത് പ്രവൃത്തി ആരംഭിക്കാത്ത സാഹചര്യത്തിൽ കഷ്ടനഷ്ടങ്ങൾക്കുള്ള പിഴ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ് (PWD മാന്വൽ 2116.1 പ്രകാരം). കരാർ ടെർമിനേറ്റ് ചെയ്ത്

നിയമ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം-2/25.07.2024

1-17 ധന വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ ധന വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ടിന്റെ പേര്	നിർവ്വഹണ ഏജൻസി/ അടങ്കൽ തുക	ചെലവഴിച്ച തുക	ബിൽ നമ്പർ (ACR)/ ചെക്ക് നമ്പർ
പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള സ്ഥാപനങ്ങളിൽ വാട്ടർകണക്ഷൻ 130/24	കേരള വാട്ടർ അതോറിറ്റി അടങ്കൽ തുക-187000/- (ധനകാര്യ കമ്മിഷൻ ഗ്രാന്റ്)	52100 രൂപ	347/6.3.24
മീനത്തേതിൽ വല്യച്ചൻ നട ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ (160/24)	കെ.എസ്.ഇ.ബി. അടങ്കൽ തുക-79515/- (ധനകാര്യ കമ്മിഷൻ ഗ്രാന്റ്)	79535 രൂപ	287/9.2.24
സാമൂഹിക സുരക്ഷാ മിഷന് വിഹിതം നൽകൽ (15/24)	സാമൂഹിക സുരക്ഷാ മിഷൻ അടങ്കൽ തുക-280000/- (വികസന ഫണ്ട്)	200000 രൂപ	5/26.06.23
പഞ്ചായത്ത് ഓഫീസിൽ കുഴൽ കിണർ	ഭൂജല വകുപ്പ് അടങ്കൽ തുക-44595/- (ധനകാര്യ കമ്മിഷൻ ഗ്രാന്റ്) 1505/-(തനതു ഫണ്ട്) ആകെ-51190/-	44595 രൂപ	346/6.3.24
ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ്(14/24)	കെ.എസ്.ഇ.ബി. അടങ്കൽ തുക-200000/- (തനതു ഫണ്ട്)	149919 രൂപ	4366786/9.11.23 4366787/10.11.23 001205/001205 001218/15.09.23
ആകെ		526149/-	

ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതികൾക്കായി ആകെ ചെലവഴിച്ച 526149/-രൂപ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി-8/27.07.24

തടസ്സപ്പെടുത്തുന്ന തുക-526149 രൂപ

1-18 പഞ്ചായത്ത് ഓഫീസിലേക്ക് പ്രിന്റർ, സ്കാനർ - കരാറുകാരന് അധികം തുക നൽകി

പ്രോജക്ട്-പഞ്ചായത്ത് ഓഫീസിലേയ്ക്ക് പ്രിന്റർ, സ്കാനർ-(84/24)
അടങ്കൽ തുക-425000/-രൂപ (ധനകാര്യ കമ്മിഷൻ ഗ്രാന്റ്-400000/-രൂപ , തനതു ഫണ്ട്-25000/-രൂപ)
നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി
പഞ്ചായത്ത് ഓഫീസിലേക്ക് പ്രിന്റർ, സ്കാനർ എന്നിവ വാങ്ങുന്നതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യാഗസ്ഥനായി പദ്ധതി (S00084/24) ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ഉപകരണങ്ങൾ വിതരണം ചെയ്ത സ്ഥാപനത്തിന് അധികം തുക അനുവദിച്ച് നൽകി. വിശദാംശം ചുവടെ ചേർക്കുന്നു.
Gem പോർട്ടൽ മുഖേന സി.ബി.എസ്.കോർപ്പറേറ്റ് ബിസിനസ്സ് സൊലൂവിഷൻ എന്ന സ്ഥാപനത്തിൽ നിന്നാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്. ഈ ഇനത്തിൽ ആകെ 252200/-രൂപയുടെ (18% ജി.എസ്.ടി.ഉൾപ്പെടെ) ബില്ലാണ് സ്ഥാപനം ഹാജരാക്കിയെതെങ്കിലും ആകെ 256474/-രൂപ പദ്ധതിക്കായി ചെലവഴിച്ചു . 252200/-രൂപ കരാറുകാരനും, 4274/-രൂപ ജി.എസ്.ടി. ടി.ഡി.എസ്. ഇനത്തിലുമാണ് ചെലവഴിച്ചിട്ടുള്ളത്. ധനകാര്യകമ്മീഷൻ വിഹിതത്തിൽ നിന്നാണ് തുക ചെലവഴിച്ചിട്ടുള്ളത്. 2017-ലെ ചരക്ക് സേവന നികുതി നിയമത്തിലെ സെക്ഷൻ 51 പ്രകാരം 250000/-രൂപയിൽ കൂടുതലുള്ള വാങ്ങലുകൾക്ക് നികുതി ഒഴിച്ചുള്ള തുകയുടെ 2% തുകയ്ക്ക് തുല്യമായ തുക സ്രോതസ്സിൽ നിന്നും നികുതിയായി കുറവ് ചെയ്തതിന് ശേഷം അവശേഷിക്കുന്ന തുക കരാറുകാരന് അനുവദിക്കേണ്ടതിന് പകരം, ഫൈനൽ ബിൽ തുക പൂർണ്ണമായും കരാറുകാരന് അനുവദിച്ച് നൽകുകയും, ടി.ഡി.എസ്. അധികമായി പദ്ധതി വിഹിതത്തിൽ നിന്ന് ഈടാക്കുകയും ചെയ്തു.
വിശദാംശം ചുവടെ ചേർക്കുന്നു.

കരാറുകാരന് അനുവദിച്ച തുക	കരാറുകാരന് അനുവദിക്കേണ്ട തുക	അധികം നൽകിയ തുക
252200/- രൂപ (ACR ബിൽ നം.373/16.03.24	247925/- (ബിൽ തുക-213729/-രൂപ+ (ജി.എസ്.ടി-18%-38471/ - TDS2%-4275)	4275/- രൂപ

അധികം നൽകിയ 4275/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ് .
ഓഡിറ്റ് എൻക്വയറി- 18/31.07.24
നിരാകരിച്ച തുക-4275/- രൂപ

1-19 ദുരിതാശ്വാസനിധിയുടെ വിനിയോഗം കാര്യക്ഷമമല്ല

2003-ലെ കേരളപഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന പഞ്ചായത്ത് പ്രദേശത്തെ ജനങ്ങൾക്ക് അടിയന്തര സഹായം നൽകുന്നതിനായി പഞ്ചായത്തിന്റെ മറ്റ ഫണ്ടുകളിൽ നിന്നും വേറിട്ട സൂക്ഷിക്കുന്ന ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. കലാ കായിക വിനോദ പരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവരടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ദുരിത്വാശാസനിധി അക്കൌണ്ടിൽ 2023-24 സാമ്പത്തിക വർഷം 5138-രൂപ മാത്രമാണ് അവശേഷിക്കുന്നത്. പലിശ ഇനത്തിൽ മാത്രമാണ് വരവുള്ളത്.ഈയിനത്തിൽ ചെലവ് ഇല്ല. 2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി

രൂപീകരണവും വിനയോഗവും) ചട്ടങ്ങൾ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് ദുരിതാശ്വാസനിധി സമാഹരിക്കുവാനും, ആയത് അർഹതപ്പെട്ടവർക്ക് നൽകുവാനും ശ്രദ്ധിക്കേണ്ടതാണ്.

1-20 ഹോംകോയിൽ നിന്ന് മരുന്ന് പൂർണ്ണമായും ലഭിച്ചില്ല

ഹോമിയോ ആശുപത്രിക്ക് ആവശ്യമായ മരുന്ന് ഹോംകോയിൽ നിന്ന് വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസർ (ആയുർ.) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതി പ്രകാരം ചുവടെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

പ്രോജക്ട് പേര്, നമ്പർ	ചെലവഴിച്ച തുക	ബിൽ നമ്പർ
ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ (16/24)	300000/-രൂപ	16/24.11.23

മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. 16.02.2024 ലെ LF 2956-ാം നമ്പർ പ്രൊഫോർമ ഇൻവോയിസ് പ്രകാരം 71908/-രൂപയുടെയും, 17.07.2024 ലെ LF 669- ാം നമ്പർ പ്രൊഫോർമ ഇൻവോയിസ് പ്രകാരം 71522/-രൂപയുടെയും മരുന്നുകൾ മാത്രമെ ലഭിച്ചിട്ടുള്ളൂ. 156570/-രൂപയുടെ മരുന്നുകൾ ഇനിയും ലഭിച്ചിട്ടില്ല. ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 156570/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭിക്കുന്ന മുറയ്ക്ക് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി-15/30.07.2024

തടസ്സപ്പെടുത്തുന്ന ചെലവ്-156570/-രൂപ

1-21 മരുന്ന് പൂർണ്ണമായി ലഭ്യമായില്ല

2023-24 വർഷത്തിൽ മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. നിർവ്വഹണം നടത്തിയ പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി ഇൻഹൗസ് ഡ്രഗ് ബാങ്കിന് മുൻകൂർ തുക നൽകിയെങ്കിലും മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

പദ്ധതി	പെർഫോമ ഇൻവോയിസ്	നൽകിയ തുക(രൂപ)	ലഭ്യമായ മരുന്നിന്റെ വിവരം തുക(രൂപ)	ലഭ്യമാകാനുള്ള മരുന്നിന്റെ വിവരം തുക(രൂപ)
58/24-ശൂരനാട് പി.എച്ച്.സി ലേയ്ക്ക് മരുന്ന് വാങ്ങൽ	11400@N/2023/9, 07.09.23	481061- (ബിൽ നം.17 തീയതി 21.09.23)	455386/-	25675/-
	11031@N/2023/6,	500000/- (ബിൽ നം.07തീയതി 30.06.23)	455698/-	44302/-
			ആകെ	69977/-

മരുന്നുകൾ ലഭ്യമാകാത്തതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ ഹാജരാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. ലഭ്യമാകാത്ത മരുന്നുകളുടെ വിലയായ 69977/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ ഹാജരാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 69977/-രൂപ

ഓഡിറ്റ് എൻക്വയറി നം. – 5/27.07.24

1-22 സർക്കാർ മാർഗനിർദേശം പാലിക്കാതെ ഉപകരണം വാങ്ങി

പദ്ധതി, നം	177/24-പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ രോഗ നിർണ്ണയം മെച്ചപ്പെടുത്തൽ

അടങ്കൽ തുക	8,95,000/-രൂപ (ഹെൽത്ത് ഗ്രാന്റ്)
ചെലവ് തുക	2,91,575/-രൂപ

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹണം നടത്തിയ പ്രോജക്ടിൽ സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കാതെ, സർക്കാർ അംഗീകൃത റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത ഇനം ടെണ്ടർ നടപടികൾ ഒഴിവാക്കി സിഡ്കോയിൽ നിന്നും വാങ്ങിയിരിക്കുന്നു. റേറ്റ് കോൺട്രാക്ടിൽ (GO(RT) No.97/2022/SPD Dtd 23.12.22) ചുവടെ ചേർത്തിരിക്കുന്ന ഇനം ഉൾപ്പെട്ടിട്ടില്ല.

ഇനം	എണ്ണം	തുക(ജി.എസ്.ടി ഉൾപ്പെടെ)	ട്രാൻസാക്ഷൻ ഐ.ഡി
Visi Cooler 385 Ltr Model-VC400A, 1year Warranty-Blue Star/Equivalent	1	49186/-രൂപ	C032439836305,15-3-24

മേൽ ഉത്തരവിൽ സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റുമായി റേറ്റ് കോൺട്രാക്ട് ഉള്ള സ്ഥാപനങ്ങൾ സർക്കാർ അംഗീകരിച്ച നിരക്കിൽ സാധനങ്ങൾ വിതരണം ചെയ്യണമെന്നും റേറ്റ് കോൺട്രാക്ട് ലിസ്റ്റിലുൾപ്പെടാത്ത ഇനങ്ങൾ ടെൻഡർ നടപടികളിലൂടെ വാങ്ങേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇവിടെ സർക്കാർ നിരക്ക് അംഗീകരിച്ച് നൽകിയിട്ടില്ലാത്ത റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത സാധനങ്ങൾ ടെൻഡർ നടപടികൾ ഒഴിവാക്കി വാങ്ങുകയാണുണ്ടായത്.
സിഡ്കോ ഉൾപ്പന്നങ്ങൾ അല്ലാത്ത ഇനം ടെണ്ടർ നടപടികൾ ഒഴിവാക്കി നേരിട്ട് വാങ്ങുവാനുണ്ടായ സാഹചര്യം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ആശുപത്രിയിലെ ലാബിന്റെ അടിസ്ഥാന സൗകര്യത്തിന് റീയേജന്റുകൾ സൂക്ഷിക്കുന്നതിനാണ് ക്ലളർ അടിയന്തിരമായി വാങ്ങിയത് എന്ന് മറുപടി നൽകി. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിനും, സർക്കാർ മാർഗനിർദേശം പാലിച്ച് ഉപകരണങ്ങൾ വാങ്ങുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-11/29.07.24

1-23 നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ല.

വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പരിശോധിച്ചതിൽ വിവിധ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി കേരള സംസ്ഥാന വൈദ്യുത ബോർഡ്, കേരള ജല അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നീ സ്ഥാപനങ്ങളിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾക്കനുസൃതമായ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുള്ളതായി കാണുന്നില്ല. ക്രമീകരിച്ചിട്ടില്ലാത്ത തുകകളുടെ വിവരം ഹെഡ് വൈസായി താഴെ ചേർക്കുന്നു.

ക്രമ നം.	ധനകാര്യ പത്രികയിലെ ഹെഡ്കോഡ്	തുക സ്വീകരിച്ച സ്ഥാപനം	01.04.24 വരെ അഡ്ജസ്റ്റ് ചെയ്യാനുള്ള തുക (₹)
1	460500201	കേരള വാട്ടർ അതോറിറ്റി	12,58,816/-
2	460500202	കേരള ഇലക്ട്രിസിറ്റി ബോർഡ്	1869786/-
3	460500204	ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്	353435/-
4	460500399	മറ്റ് അംഗീകൃത ഏജൻസികൾ	1295504/-
5	460500499	മറ്റ് അംഗീകൃത ഏജൻസികൾ	30000/-
6.	460100199	മറ്റ് മുൻകൂറുകൾ	34560/-
ആകെ			4842101/-

പദ്ധതികൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന്, മേൽ പരാമർശിത ഏജൻസികൾക്ക് കത്ത് നൽകിയതായി എൻക്വയറി(നം 10/23-24 .27.7.24) ക്ക് മറുപടിയായി

അറിയിച്ചിട്ടുണ്ട്. പദ്ധതികളുടെ പൂർത്തീകരണത്തിനായി സ്വീകരിച്ച തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതും, ദീർഘകാലമായി തുകകൾ മേൽ സ്ഥാപനങ്ങളിൽ നിഷ്ക്രിയ ആസ്തിയായി നിക്ഷേപിക്കപ്പെട്ടിട്ടുള്ളതിന്റെ കാരണം വിശദീകരിക്കേണ്ടതുമാണ്. നടപ്പിലാക്കാത്ത പ്രോജക്ടുകളുടെ തുകകൾ തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം-10/27.07.2024

1-24 സംയുക്ത പ്രോജക്ടുകൾക്കായുള്ള ബ്ലോക്ക് ,ജില്ലാ പഞ്ചായത്ത് വിഹിതം -വിനിയോഗമില്ലാതെ അവശേഷിക്കുന്നു

സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് സ്ഥാപനങ്ങളിൽ നിന്നും മുൻ വർഷങ്ങളിൽ അനുവദിച്ചിട്ടുള്ള വിഹിതം ചെലവഴിക്കാതെ നിഷ്ക്രിയമായി സൂക്ഷിച്ചിട്ടുണ്ട്. 31.03.24 ലെ വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് പ്രകാരം പ്രസ്തുത ഹെഡുകളിലെ നീക്കിയിരിപ്പ് താഴെ പറയും പ്രകാരമാണ്.

ഹെഡ് കോഡ്	ഹെഡ്	തുക ₹
320700104	Joint Venture -Block Panchayath - Capital Expenditure	120689/-
320700105	Joint Venture -District Panchayath - Capital Expenditure	27400/-
320700204	Joint Venture - Revenue Expenditure - Block Panchayath	749525/-
320700205	Joint Venture -District Panchayath - Revenue Expenditure	116083/-
ആകെ		1013697/-

സംയുക്ത പ്രോജക്ടുകൾക്കായി ലഭ്യമായ തുകകൾ കേരളാ ബാങ്ക് തനത്ഫണ്ട് അക്കൗണ്ടിലും ജോയിന്റ് വെഞ്ചർ അക്കൗണ്ടിലുമാണ് സൂക്ഷിച്ചിട്ടുള്ളതെന്ന് എൻകൃയറിക്ക്(നം10/27.7.24)മറുപടിയായി അറിയിച്ചിട്ടുണ്ട്.അക്കൗണ്ടിൽ നിഷ്ക്രിയമായി അവശേഷിക്കുന്ന തുക സർക്കാരിൽ നിന്നുള്ള നിർദ്ദേശത്തിനു വിധേയമായി ചെലവഴിക്കുന്നതിനോ സർക്കാരിലേക്ക് തിരികെ ഒടുക്കുന്നതിനോ ഉള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം-10/27.07.2024

1-25 കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 20939154/- രൂപ ബാധ്യതയായി അവശേഷിക്കുന്നു

2023-24 സാമ്പത്തിക വർഷം കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ വാട്ടർ അതോറിറ്റിയിൽ തുക അടവാക്കിയിട്ടില്ല. കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 23- 24 സാമ്പത്തിക വർഷം വരെ കുടിശ്ശിക ഉൾപ്പെടെ ആകെ 20939154/-രൂപ ബാധ്യതയായി അവശേഷിക്കുന്നു. നിലവിൽ 388 കുടിവെള്ള ടാപ്പുകൾക്ക്, ടാപ്പൊന്നിന് പ്രതിവർഷം 14559/-രൂപ നിരക്കിൽ, പ്രതിമാസം 470741/-രൂപ ക്രമം ഡിമാന്റ് ചെയ്ത് വരുന്നു. 02/02/2024ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം12 (1)പ്രകാരം പഞ്ചായത്തിലെ പൊതു ടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക അടവാക്കുന്നതിന് പ്ലാൻ ഫണ്ടോ, റോഡിതര ഫണ്ടോ ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിന് വികേന്ദ്രീകൃതാസൂത്രണ കോർഡിനേഷൻ കമ്മിറ്റിക്ക് പ്രൊപ്പോസൽ സമർപ്പിക്കുന്നത് സംബന്ധിച്ച് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും, തൽക്കാലം പൊതു ടാപ്പ് നിർത്തലാക്കാൻ ഗ്രാമപഞ്ചായത്ത് കത്ത് നൽകിയത് മുതലുള്ള വെള്ളക്കരം ഒഴിവാക്കി നൽകുന്നതിന് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകുന്നതിനും തീരുമാനിച്ചു. തസ്വഭവ വകുപ്പിന്റെ 06.06.22 ലെ 119/22 നമ്പർ ഉത്തരവ് പ്രകാരം വെള്ളക്കരം യഥാസമയം അടവാക്കാതിരുന്നാൽ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുമെന്നും, ആയതിനാൽ തുക അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സെക്രട്ടറി ഈ കമ്മിറ്റിയിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. ജലജീവൻ മിഷന്റെ കുടിവെള്ള കണക്ഷൻ എല്ലാ വീടുകളിലും ഉള്ളതിനാൽ പൊതുടാപ്പ് നിർത്തലാക്കുന്നതിന് തീരുമാനിക്കുകയും ഡിസ്മാന്റിൽ ചെയ്യുന്നതിന് 24-25 വർഷം 498300/-രൂപ ഒടുക്ക് വരുത്തിയിട്ടുണ്ടെന്നും 02.02.2024 ലെ കമ്മിറ്റിയിൽ

സെക്രട്ടറി അഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ളതായും പഞ്ചായത്ത് കമ്മിറ്റി നിർദ്ദേശപ്രകാരമാണ് വെളളക്കരം അടവാക്കാതിരുന്നതെന്നും തുടർനടപടി വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ എൻകൃയറിക്ക്(നം-16/30.03.24) മറുപടിയായി അറിയിച്ചിട്ടുണ്ട്. മേൽ വിഷയത്തിന്മേൽ ഭരണസമിതി സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-26 മുൻകൂർ ഒരു ഗഡു തുക കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി ലൈഫ് ഭവന നിർമ്മാണ പദ്ധതി പ്രകാരം കരാറിൽ ഏർപ്പെട്ട് ആദ്യ ഗഡു തുക കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല.

1.പ്രോജക്ട്- നം SO20/24- ലൈഫ് ഭവന നിർമ്മാണം എസ്.സി.പി

അടങ്കൽ തുക-1200000/-രൂപ (എസ്.സി.പി), 8000000/-രൂപ, സംസ്ഥാനാവിഷ്കൃതഫണ്ട്,

ബ്ലോക്ക് പഞ്ചായത്ത്-3000000/-രൂപ, ജില്ലാ പഞ്ചായത്ത്-2200000/-രൂപ

മറ്റുളളവ-17600000 /-രൂപ, ആകെ-32000000/-രൂപ

ചെലവ് തുക- 1200000/-രൂപ, (എസ്.സി.പി),/-സംസ്ഥാനാവിഷ്കൃതഫണ്ട്-2772287/-രൂപ

ബ്ലോക്ക് പഞ്ചായത്ത്-940000/-രൂപ, ജില്ലാ പഞ്ചായത്ത്-750000/-രൂപ

മറ്റുളളവ-5350000/-രൂപ, ആകെ-11012287/-രൂപ

ക്രമ നം	ഗുണഭോക്താവിന്റെ പേര്	കരാർ തീയതി/ആദ്യ ഗഡു അനുവദിച്ച തീയതി	അനുവദിച്ച തുക ₹	ബാക്കി തുക ₹
1	ശ്രീമതി സരസമ്മ,യദുകൃഷ്ണ ഭവനം, ആയിക്കുന്നം	16.08.23	40,000/-	3,60,000/-
2	ശ്രീ രാജേന്ദ്രൻ,പനവിള പടിഞ്ഞാറ്റതിൽ, കിടങ്ങയം നോർത്ത്	24.05.23	40,000/-	3,60,000/-
3	ശ്രീ ബാബുരാജൻ,ഷിജുഭവനം, തുക്കുന്നപ്പുഴ തെക്ക്	24.05.23	40,000/-	3,60,000/-
4	ശ്രീ അജികുമാർ, ശിവകൃപാഭവനം, കിടങ്ങയം നോർത്ത്	24.05.23	40,000/-	3,60,000/-
5	ശ്രീമതി സരസ്വതി ,സരസ്വതി ഭവനം, ഇരുവിച്ചിറ നടുവിൽ	24.05.23	40,000/-	3,60,000/-
6	ശ്രീ സുരേഷ് .സി ,പാലവിള വടക്കതിൽ, കിടങ്ങയം നോർത്ത്	24.05.23	40,000/-	3,60,000/-
7	ശ്രീമതി സിന്ധു,കലതിവിള വടക്ക്, കിടങ്ങയം നോർത്ത്	1.08.23	40,000/-	3,60,000/-
8.	ശ്രീ രാമചന്ദ്രൻ,പാലവിളയിൽ, കിടങ്ങയം നോർത്ത്	21.9.23	40,000/-	3,60,000/-
9.	ശ്രീമതി സരസമ്മ,യദുകൃഷ്ണ ഭവനം ,ആയിക്കുന്നം	16.08.23	40000/-	360000/-
10.	ശ്രീ മോഹനൻ,മനോജ്ഭവനം, ഇരുവിച്ചിറ നടുവിൽ	9.10.23	40000/-	360000/-
11.	ശ്രീമതി ശോഭന, വിപിൻഭവനം, ആയിക്കുന്നം	16.08.23	40000/-	360000/-
12.	ശ്രീമതി സാവിത്രി.കെ, കല്ലേല്ലിൽ തെക്കതിൽ, ആയിക്കുന്നം	9.10.23	40000/-	360000/-

13.	ശ്രീ രാമചന്ദ്രൻ, പാലവിളയിൽ, കിടങ്ങയം വടക്ക്	9.10.23	40000/-	360000/-
14.	ശ്രീമതി യശോദ, ഷിബുഭവനം, കിടങ്ങയം വടക്ക്	20.10.23	40000/-	360000/-

2.ലൈഫ് ഭവന നിർമ്മാണം ജനറൽ 39/24.-

അടങ്കൽ തുക-വികസനഫണ്ട്-1600000/-രൂപ ,

സംസ്ഥാനാവിഷ്കൃതഫണ്ട് -26000000/-രൂപ,

ബ്ലോക്ക് പഞ്ചായത്ത്-9600000/-രൂപ, ജില്ലാ പഞ്ചായത്ത്-9600000/-

മറ്റുള്ളവ-57200000 /-രൂപ, ആകെ-104000000/-രൂപ

ചെലവ് തുക- 1600000/-രൂപ (ജനറൽ),/-സംസ്ഥാനാവിഷ്കൃതഫണ്ട്-480000/-രൂപ

ബ്ലോക്ക് പഞ്ചായത്ത്-930000/-രൂപ, ജില്ലാ പഞ്ചായത്ത്-1870000/-രൂപ

മറ്റുള്ളവ-28350000 /-രൂപ, ആകെ-33230000/-രൂപ

ക്രമനം	**ഗുണഭോക്താവിന്റെ പേര്**	**കരാർ തീയതി/ആദ്യ ഗഡു അനുവദിച്ച തീയതി**	**അനുവദിച്ച തുക ₹**	**ബാക്കി തുക ₹**
1	ശ്രീമതി ആബിദ.എസ്, കോയിപ്പുറത്ത് വീട് ഇരിവിച്ചിറ നടുവിൽ	23.11.23	40,000/-	3,60,000/-
2.	ശ്രീ സുരേന്ദ്രൻ പിള്ള ,പൊയ്കയിൽ	12.2.24	40,000/-	3,60,000/-
3.	ശ്രീമതി ദീപ്തി,ഇടയില വീട്, ആയിക്കുന്നം ,ശാസ്താംകോട്ട	12.2.24	40,000/-	3,60,000/-
4.	ശ്രീ സുനിൽകുമാർ, വെട്ടോലി പടിഞ്ഞാറ്റതിൽ	26.2.24	40,000/-	3,60,000/-
5.	ശ്രീമതി ഓമനയമ്മ,തുണ്ടിൽ തെക്കതിൽ, കിടങ്ങയം നടുക്ക്	29.10.23	40,000/-	3,60,000/-

മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറി (നം 13/24 തീ 30.7.24) ക്ക് മറുപടിയായി ടി ഗുണഭോക്താക്കളെ നേരിട്ട കണ്ടും, നോട്ടീസ് മുഖാന്തിരവും ഭവന നിർമ്മാണം ആരംഭിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും, നിർമ്മാണം ആരംഭിക്കാത്തപക്ഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, അല്ലാത്ത സാഹചര്യത്തിൽ കരാർ വ്യവസ്ഥകൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് നാളിതുവരെ അനുവദിച്ച തുക നിയമാനുസൃതം തിരികെ ഈടാക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം-13/30.07.2024

1-27 സാനിട്ടറി നാപ്കിൻ ഇൻസിനറേറ്റർ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

പ്രോജക്ട് നം	168/24
പേര്	ടോയ്ലെറ്റ് സ്ത്രീ സൗഹൃദമാക്കൽ
അടങ്കൽ തുക/ഫണ്ടിനം	തനത് ഫണ്ട്-45000/-രൂപ സംസ്ഥാനാവിഷ്കൃത ഫണ്ട്-105000/-രൂപ ആകെ- 150000/-രൂപ
ചെലവ് തുക	26550/-രൂപ, തനത് ഫണ്ട്.ചെക്ക് നം-001906/27-03-2024

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി ടെണ്ടർ മുഖേന കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും

ഇൻവോയ്സ് നം. CLTBC23-24/215 തീയതി-26.02.24 പ്രകാരം 88500/-രൂപയ്ക്ക് 2 സാനിട്ടറി നാപ്കിൻ ഇൻസിനറേറ്റർ വാങ്ങി പഞ്ചായത്തിലും, ടേക്ക് എ ബ്രേക്കിലും സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ കണക്ഷൻ നൽകി പ്രവർത്തനം ആരംഭിച്ചിട്ടില്ല. 2400 വാട്ട് പവർ പ്ലഗ്ഗിന്റെ ലഭ്യത ഇല്ലാത്തതിനാൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്നും ടി ഡിസ്പോയർ പ്രവർത്തനക്ഷമമാക്കുന്നതിനായി നടപടി സ്വീകരിക്കണമെന്ന് കാണിച്ച് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുള്ളതും, ഇതിനായി 2024-25 സാമ്പത്തിക വർഷം ഇലക്ട്രിഫിക്കേഷനായി പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ടെന്നും, എൻകയറിക്ക് (നം-9/29.07.24) മറുപടിയായി അറിയിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെയാണ് പ്രോജക്ട് നിർവ്വഹണം നടപ്പാക്കിയിരിക്കുന്നത്. 2023-24 സാമ്പത്തിക വർഷം കെ.എസ്.ഐ.ഡി.സിയ്ക്ക് 26550/-രൂപ മാത്രമേ നൽകിയിട്ടുള്ളൂ. സാനിട്ടറി നാപ്കിൻ ഇൻസിനറേറ്റർ പ്രവർത്തനം ആരംഭിച്ച് വിവരം അറിയിക്കുന്നതു വരെ ഈ ഇനത്തിൽ ചലവഴിച്ചിട്ടുള്ള 26550/-രൂപ തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തിയ തുക-26550/-രൂപ
ഓഡിറ്റ് അന്വേഷണം-9/29.07.2024

1-28 അങ്കണവാടികൾക്ക് കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും ഉറപ്പാക്കുന്നില്ല

ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിൽ ആകെ 24 അങ്കണവാടികൾ ഉള്ളതിൽ, 15 എണ്ണം സ്വന്തം കെട്ടിടത്തിലും, 8 എണ്ണം വാടക കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. 102-ാം നമ്പർ അങ്കണവാടിയുടെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു. 1-ാം നമ്പർ അങ്കണവാടിയുടെ കെട്ടിടം പണി നടക്കുന്നു. 101-ാംനമ്പർ അങ്കണവാടിക്ക് സ്ഥലം ലഭ്യമായെങ്കിലും കെട്ടിടം പണി ആരംഭിച്ചിട്ടില്ല. 2 അങ്കണവാടികൾക്ക് ചുറ്റുമതിലില്ല. കുടിവെള്ള സൗകര്യമില്ലാത്ത മൂന്ന് അങ്കണവാടികളാണ് ഉള്ളത്. പതിനാലാം പഞ്ചവത്സര പദ്ധതി സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 8.8.2 (1), (2) ൽ പദ്ധതിക്കാലയളവിൽ അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൌതിക സൗകര്യങ്ങൾ എന്നിവ പ്രദാനം ചെയ്ത് ബാലസൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകണമെന്നും എം.ജി.എൻ.ആർ.ഇ.ജി.എസ്, ശിശുവികസന വകുപ്പ് എന്നിവയുമായി സഹകരിച്ച് എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടവും, സ്ഥലവും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ (ഡി സി) വകുപ്പിന്റെ 03.09.2010 ലെ നമ്പർ 39033/ഡി.സി.2/2010 തദ്ദേശസ്വയംഭരണ വകുപ്പ് സർക്കുലർ പ്രകാരം പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ നിർദ്ദേശങ്ങൾക്കനുസരിച്ച് അങ്കണവാടികളുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തേണ്ടതാണ്. സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളുടെ ഭൌതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-29 ആർദ്രം പദ്ധതി പ്രകാരം മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ജീവനക്കാരെ നിയമിച്ച് വേതനം നൽകി

പദ്ധതി-66/24, ആർദ്രം പദ്ധതി-ജീവനക്കാരുടെ വേതനം

അടങ്കൽ-1513160/-രൂപ (വികസന ഫണ്ട് ജനറൽ-1267840/-രൂപ,ധനകാര്യ കമ്മീഷൻ ഗ്രാന്റ്-245320/-രൂപ)

ചെലവ്-1428229/-രൂപ (വികസന ഫണ്ട് ജനറൽ-1184104/-രൂപ,ധനകാര്യ കമ്മീഷൻ ഗ്രാന്റ്-244125/-രൂപ)

മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി. നിർവ്വഹണം നടത്തിയ ആർദ്രം പദ്ധതി പ്രകാരം ഡോക്ടർ,

സ്റ്റാഫ് നേഴ്സ്, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷൻ എന്നിവർക്ക് വേതനം നൽകിയിട്ടുണ്ട്. ജി.ഒ.(കൈ)115/2022/ത.സ്വ.ഭ.വ, തീയതി-28.05.2022/14-ാം സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക-7.6.2 പ്രകാരം ആർദ്രം മിഷന്റെ ഭാഗമായി എഫ്.എച്ച്.സികളിലും, സി.എച്ച്.സികളിലും ഉച്ചകഴിഞ്ഞും വൈകുന്നേരങ്ങളിലും ഡോക്ടർമാരുടെയും സേവനം ആവശ്യമായി വരുന്ന സാഹചര്യങ്ങളിൽ എഫ്.എച്ച്.സിയിൽ ഒരു ഡോക്ടറിനെയും, പാരാമെഡിക്കൽ സ്റ്റാഫിനേയും നാഷണൽ ഹെൽത്ത് മിഷന്റെ മാനദണ്ഡപ്രകാരം നിയമിച്ച് വേതനം നൽകാവുന്നതാണ് . 25.10.23 ലെ ഡിഎ1/363/2023-തസ്വഭവ സർക്കുലർ പ്രകാരം ഡോക്ടറിനെയും, പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമന മാർഗ്ഗരേഖ ഖണ്ഡിക 7.6.2 പ്രകാരം മേൽ വ്യവസ്ഥയ്ക്ക് വ്യക്തത വരുത്തിയിട്ടുണ്ട്. ആയത് പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒരു ഡോക്ടറിനേയും, ഒരു പാരാമെഡിക്കൽ സ്റ്റാഫിനെയുമാണ് നിയമിക്കാവുന്നത്. എന്നാൽ 2023-24 വർഷത്തിൽ മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി. നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം ഡോക്ടർ, സ്റ്റാഫ് നേഴ്സ്, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ എന്നിവർക്ക് വേതനം നൽകിയിട്ടുണ്ട്. 25.10.23 ലെ സർക്കുലർ പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒരു ഡോക്ടറിനേയും, ഒരു പാരാമെഡിക്കൽ സ്റ്റാഫിനെയുമാണ് നിയമിക്കാവുന്നത് എന്നിരിന്നിട്ടും, എഫ്.എച്ച്.സി കളിൽ മൂന്ന് പാരാമെഡിക്കൽ സ്റ്റാഫിന് വേതനം നൽകി. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ എന്നിവർക്ക് നവംബർ 2023 മുതൽ ഫെബ്രുവരി 2024 വരെ വേതനം നൽകുന്നതിനായി ചെലവഴിച്ച തുക അംഗീകരിക്കുന്നില്ല. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

കാലയളവ്	പേരു വിവരം	വേതനം (രൂപ)	ബിൽ നമ്പർ
11/23	ശ്രീമതി.സുലൈഖ ബീവി.എ(ലാബ് ടെക്നീഷ്യൻ) ശ്രീമതി.രേവതി എ.ആർ(ഫാർമസിസ്റ്റ്)	24520/- 24520/-	26/05.12.23
12/23	ശ്രീമതി.സുലൈഖ ബീവി.എ ശ്രീമതി.രേവതി എ.ആർ	24520/- 24520/-	278/07.02.24
1/24	ശ്രീമതി.സുലൈഖ ബീവി.എ ശ്രീമതി.രേവതി എ.ആർ	24520/- 24520/-	278/07.02.24
2/24	ശ്രീമതി.സുലൈഖ ബീവി.എ ശ്രീമതി.രേവതി എ.ആർ	24520/- 24520/-	32/27.03.24
	ആകെ	1,96,160/-	

ആയതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഒരു ഡോക്ടറിനെയും, ഒരു പാരാമെഡിക്കൽ സ്റ്റാഫിനേയും ഉൾപ്പെടുത്തി ഒ.പി പ്രവർത്തിപ്പിക്കാൻ കഴിയാത്തതിനാൽ അധികമായി രണ്ട് പാരാമെഡിക്കൽ സ്റ്റാഫിന്റെ സേവനം അത്യന്താപേക്ഷിതമാണെന്ന് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 11.04.23 തീയതിയിലെ നം.I(2) തീരുമാനപ്രകാരം അംഗീകരിക്കുകയും ജീവനക്കാരെ നിലനിർത്തുന്നതിനുള്ള അനുവാദം കോർഡിനേഷൻ കമ്മിറ്റിയോട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 12.03.24 ലെ VII(1)-ാം നം തീരുമാനപ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട് എന്നും മറുപടി നൽകിയിരിക്കുന്നു. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 1,96,160/-രൂപ നിരാകരിക്കുന്നു.

നിരാകരിക്കുന്ന തുക-1,96,160/-രൂപ

ഓഡിറ്റ് എൻക്വയറി നമ്പർ-6/27.07.24

1-30 ഹരിതകർമ്മസേന അവലോകനം

അടിസ്ഥാനവിവരങ്ങൾ

ഗ്രാമപഞ്ചായത്തിൽ 16 വാർഡുകളിലായി 7148 കുടുംബങ്ങളും 475 സ്ഥാപനങ്ങളുമുണ്ട്. നിലവിൽ 32 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേന ഭവനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാലിന്യങ്ങൾ

ശേഖരിക്കുന്നു.

മാലിന്യശേഖരണ കാര്യക്ഷമത

എല്ലാ മാസവും 01 മുതൽ 15 വരെയുള്ള തീയതികളിൽ അജൈവ മാലിന്യങ്ങൾ ശേഖരിക്കാൻ മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള കലണ്ടർ പ്രകാരം പ്രവർത്തനം നടത്തുന്നു. കൃ.ആർ. കോഡ് പതിച്ച് 'ഹരിതമിത്രം' ആപ്പിൽ ഉൾപ്പെടുത്തിയതുവഴി 99% ഭവനങ്ങളും പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഭവനങ്ങളിൽ നിന്നും 50/-രൂപയും സ്ഥാപനങ്ങളിൽ നിന്നും 100/-രൂപയും യൂസർഫീ ഇനത്തിൽ ഈടാക്കുന്നു. പഞ്ചായത്ത് നൽകുന്ന സേവനങ്ങൾക്ക് ഹരിത കാർഡ് നിർബന്ധമാക്കിയിട്ടുണ്ട്. നിലവിൽ യൂസർഫീ വരവ് 69% മാത്രമാണ്.

മാലിന്യവേർതിരിവ് പാലിക്കൽ

ശേഖരിക്കുന്ന മാലിന്യങ്ങൾ എം.സി.എഫിൽ വച്ച് വേർതിരിച്ച് ക്രമീകരിക്കുന്നു. തരംതിരിച്ച അജൈവ മാലിന്യങ്ങൾ ഗ്രീൻ ടെക്ക് എക്കോ കൺസൾട്ടൻസി എന്ന സ്ഥാപനത്തിനാണ് കൈമാറുന്നത്.

തൊഴിൽ സൃഷ്ടിക്കൽ

ഗ്രാമപഞ്ചായത്തിൽ നിലവിൽ 32 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേന പ്രവർത്തിക്കുന്നു. യൂസർഫീ ഇനത്തിലും, അജൈവ മാലിന്യങ്ങൾ തരംതിരിച്ച് കൈമാറുന്നതിലൂടെയും ലഭ്യമാകുന്ന തുകകളാണ് മുഖ്യ വരുമാനം. വരവു തുകകൾ നിക്ഷേപിക്കുന്നതിന് കൺസോർഷ്യം പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിൽ ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. നിക്ഷേപിക്കപ്പെടുന്ന തുകയിൽ 10% അക്കൗണ്ടിൽ നിലനിർത്തിയ ശേഷമുള്ള തുക പ്രതിമാസം, ഓരോ അംഗത്തിനും അയാളുടെ കളക്ഷന്റെ അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നു. പ്രതിമാസം ഹരിത കർമ്മസേനാംഗങ്ങൾക്ക് ശരാശരി 8000/-രൂപ വേതനമായി ലഭിക്കുന്നുണ്ട്. കൺസോർഷ്യം അക്കൗണ്ടിൽ ശേഷിക്കുന്ന തുകയിൽ നിന്നും എല്ലാവർഷവും ഓണത്തോടനുബന്ധിച്ച് ബോണസ് ഇനത്തിൽ, ഹരിതകർമ്മസേനാംഗങ്ങൾക്ക് വിഹിതം നൽകുന്നു. വയബലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കേണ്ടി വന്നിട്ടില്ല.

അടിസ്ഥാനസൗകര്യ വികസനം

പഞ്ചായത്തിന് ബെയിലിംങ് സംവിധാനത്തോടുകൂടിയ ഒരു എം.സി.എഫ്, മാലിന്യ നീക്കത്തിന് സ്വന്തമായി ഒരു ഇലക്ട്രിക് മുച്ചക്ര വാഹനം എന്നിവ സജ്ജമാക്കിയിട്ടുണ്ട്. മാലിന്യം നീക്കം ചെയ്യുന്നതിനായി ഇലക്ട്രിക് മുച്ചക്ര വാഹനം ഓടിക്കുന്നതിന് താൽക്കാലിക ഡ്രൈവറെ നിയോഗിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം എം.സി.എഫിൽ കൺവേയർ ബെൽറ്റ്, ബെയിലിംഗ് മെഷീൻ ഇവ സ്ഥാപിച്ചിട്ടുണ്ട്. ഹരിതകർമ്മസേനാംഗങ്ങൾക്ക് യൂണിഫോം, ഗ്ലൗസ്, ഐഡന്റിറ്റി കാർഡ്, ബൂട്ട് ഇവ വാങ്ങി നൽകിയിട്ടുണ്ട്.

പാരിസ്ഥിതിക ആഘാതം-കൈക്കൊണ്ട നടപടികൾ

നിലവിൽ സംവിധാനങ്ങൾ ഒന്നുംതന്നെയില്ല.

പരിശീലനവും വികസനവും

കുടുംബശ്രീയും ശുചിത്വമിഷനുമായി ചേർന്ന് പരിശീലനം നൽകുന്നുണ്ട്.

നിയമങ്ങൾ പാലിക്കൽ

നിയമങ്ങൾ പാലിക്കുന്നതുമായി ബന്ധപ്പെട്ട് ബോർഡുകൾ സ്ഥാപിക്കുകയും, വാർഡ് തലത്തിൽ സ്ക്വാഡ് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കടകളിൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് പരിശോധന നടത്തി നിയമലംഘനത്തിന് പിഴ ഈടാക്കുകയും ചെയ്തു വരുന്നുണ്ട്.

ഹരിതകർമ്മസേന വരവ് – ചെലവ് : 2023-24

ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവ്	പ്ലാസ്റ്റിക് വിൽപ്പന വരവ് (രൂപ)	യൂസർ ഫീ വരവ് (രൂപ)	ആകെ വരവ് (രൂപ)	ഹരിതകർമ്മ സേനാംഗങ്ങൾക്ക് നൽകിയ വേതനം (രൂപ)
45130 KG	287731.956/-	2968550/-	3256281.956/-	2636115/-

മാലിന്യകൈമാറ്റകാര്യക്ഷമത

വീടുകളിൽ നിന്നും സമയബന്ധിതമായി എല്ലാ മാസവും അജൈവ മാലിന്യങ്ങൾ സംഭരിക്കുന്നു. 11-ാം വാർഡ് ഒഴികെ എല്ലാ വാർഡുകളിലും മിനി എം.സി.എഫ് കൾ ഉണ്ട്. അജൈവ മാലിന്യങ്ങൾ മിനി എം.സി.എഫുകളിലേയ്ക്ക് എത്തിക്കുന്നുണ്ട്. വൃത്തിയാക്കിയ അജൈവമാലിന്യം എം സി എഫിൽ എത്തിക്കുകയും തരംതിരിച്ച് കരാറിലേർപ്പെട്ട കമ്പനിക്ക് കൈമാറുകയും ചെയ്യുന്നു.

റീസൈക്ലിംഗ്

ശേഖരിക്കുന്ന മാലിന്യങ്ങളിൽ നിന്ന് പുനരുപയോഗസാധ്യതയുള്ളവ കണ്ടെത്തി ഉപയുക്തമാക്കുന്നതിന് നിലവിൽ സംവിധാനങ്ങൾ ഇല്ല. റീസൈക്ലിംഗിന്റെ സാധ്യത പ്രയോജനപ്പെടുത്തിക്കൊണ്ട് ഹരിതകർമ്മസേനയുടെ പ്രവർത്തനം കൂടുതൽ ആദായകരമാക്കാവുന്നതാണ്

കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. വാർഡുകളിൽ മെമ്പറുമാരുടെ സഹായത്തോടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ, ലഘുലേഖകളുടെ വിതരണം എന്നിവ നടത്തിവരുന്നു.

മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി സ്മാർട്ട് ഗാർബേജ് ആപ്പ്, ഹരിത കാർഡ് എന്നിവ നടപ്പിലാക്കി എല്ലാ ഭവനങ്ങളിൽ നിന്നും യൂസർഫീ കളക്ട് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

നിർദ്ദേശങ്ങൾ

1. നിലവിൽ ഹരിതകർമ്മസേനയ്ക്ക് യൂസർഫീ നൽകി അജൈവ മാലിന്യങ്ങൾ കൈമാറാതെ നിസ്സഹരിക്കുന്ന വീടുകൾക്കും സ്ഥാപനങ്ങൾക്കുമെതിരെ നോട്ടീസ് നൽകി നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. വാർഡുകളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യം സൂക്ഷിക്കുവാൻ താൽക്കാലിക സംവിധാനങ്ങൾ ഇനിയും ഇല്ലാത്തിടങ്ങളിൽ സമയബന്ധിതമായി മിനി MCF സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. പ്രധാന കേന്ദ്രങ്ങളിൽ ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

3. "മാലിന്യ മുക്ത പഞ്ചായത്ത്" എന്ന ലക്ഷ്യത്തിനായി എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഉചിതമായ ഉറവിട മാലിന്യ പരിപാലന സംവിധാനങ്ങൾ സ്ഥാപിക്കുവാനായി ആവശ്യകത നിർണായക സർവേ നടത്തി, എല്ലാ ഇടങ്ങളിലും സബ്സിഡി നിരക്കിൽ ഇത്തരത്തിലുള്ള സംവിധാനങ്ങൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

4. ഉറവിട മാലിന്യപരിപാലന ഉപാധികളിൽ ഉത്പാദിപ്പിക്കുന്ന ജൈവവളം ഉപയോഗിച്ച് ജൈവ പച്ചക്കറി കൃഷി വീടുകളിൽ ഹരിതകർമ്മസേനയുടെ സഹായത്തോടെ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കാവുന്നതാണ്.

5.ക്രമമായ ഇടവേളകളിൽ മാലിന്യങ്ങൾ പഞ്ചായത്തുമായി കരാറിലേർപ്പെട്ടിരിക്കുന്ന സ്വകാര്യ കമ്പനി ഏറ്റെടുക്കുന്നുവെന്നും, കരാർ വ്യവസ്ഥപ്രകാരമുള്ള തുക നല്കുന്നുവെന്നും ഉറപ്പാക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ആർദ്രം പദ്ധതി പ്രകാരം മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ജീവനക്കാരെ നിയമിച്ച് വേതനം നൽകി

പദ്ധതി-66/24, ആർദ്രം പദ്ധതി-ജീവനക്കാരുടെ വേതനം

അടങ്കൽ-1513160/-രൂപ (വികസന ഫണ്ട് ജനറൽ-1267840/-രൂപ, ധനകാര്യ കമ്മീഷൻ ഗ്രാന്റ്-245320/-രൂപ)

ചെലവ്-1428229/-രൂപ (വികസന ഫണ്ട് ജനറൽ-1184104/-രൂപ, ധനകാര്യ കമ്മീഷൻ ഗ്രാന്റ്-244125/-രൂപ)

മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി. നിർവ്വഹണം നടത്തിയ ആർദ്രം പദ്ധതി പ്രകാരം ഡോക്ടർ, സ്റ്റാഫ് നേഴ്സ്, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ എന്നിവർക്ക് വേതനം നൽകിയിട്ടുണ്ട്. ജി.ഒ.(കൈ)115/2022/ത.സ്വ.ഭ.വ, തീയതി-28.05.2022/14-ാം സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.6.2 പ്രകാരം ആർദ്രം മിഷന്റെ ഭാഗമായി എഫ്.എച്ച്.സികളിലും, സി.എച്ച്.സികളിലും ഉച്ചകഴിഞ്ഞും, വൈകുന്നേരങ്ങളിലും ഡോക്ടർമാരുടെയും സേവനം ആവശ്യമായി വരുന്ന സാഹചര്യങ്ങളിൽ എഫ്.എച്ച്.സിയിൽ ഒരു ഡോക്ടറിനെയും, പാരാമെഡിക്കൽ സ്റ്റാഫിനേയും നാഷണൽ ഹെൽത്ത് മിഷന്റെ മാനദണ്ഡപ്രകാരം നിയമിച്ച് വേതനം നൽകാവുന്നതാണ്. 25.10.23 ലെ ഡിഎ1/363/2023-തസ്വഭവ സർക്കുലർ പ്രകാരം ഡോക്ടറിനെയും, പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമന മാർഗ്ഗരേഖ ഖണ്ഡിക 7.6.2 വ്യവസ്ഥയ്ക്ക് വ്യക്തത വരുത്തിയിട്ടുണ്ട്. ആയത് പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒരു ഡോക്ടറിനേയും, ഒരു പാരാമെഡിക്കൽ സ്റ്റാഫിനെയുമാണ് നിയമിക്കാവുന്നത്. എന്നാൽ 2023-24 വർഷത്തിൽ മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി. നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം ഡോക്ടർ,സ്റ്റാഫ് നേഴ്സ് ,ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ എന്നിവർക്ക് വേതനം നൽകിയിട്ടുണ്ട്. 25.10.23 ലെ സർക്കുലർ പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒരു ഡോക്ടറിനേയും, ഒരു പാരാമെഡിക്കൽ സ്റ്റാഫിനെയുമാണ് നിയമിക്കാവുന്നത് എന്നിരിന്നിട്ടും എഫ്.എച്ച്.സി കളിൽ മൂന്ന് പാരാമെഡിക്കൽ സ്റ്റാഫിന് വേതനം നൽകി. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ എന്നിവർക്ക് നവംബർ 2023 മുതൽ ഫെബ്രുവരി 2024 വരെ വേതനം നൽകുന്നതിനായി ചെലവഴിച്ച തുക അംഗീകരിക്കുന്നില്ല. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

കാലയളവ്	പേരു വിവരം	വേതനം (രൂപ)	ബിൽ നമ്പർ
11/23	ശ്രീമതി.സുലൈഖ ബീവി.എ (ഫാർമസിസ്റ്റ്) ശ്രീമതി.രേവതി എ.ആർ(ലാബ് ടെക്നീഷ്യൻ)	24520/- 24520/-	26/05.12.23
12/23	ശ്രീമതി.സുലൈഖ ബീവി.എ ശ്രീമതി.രേവതി എ.ആർ	24520/- 24520/-	
1/24	ശ്രീമതി.സുലൈഖ ബീവി.എ ശ്രീമതി.രേവതി എ.ആർ	24520/- 24520/-	
2/24	ശ്രീമതി.സുലൈഖ ബീവി.എ ശ്രീമതി.രേവതി എ.ആർ	24520/- 24520/-	32/27.03.24
	ആകെ	1,96,160/-	

ആയതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഒരു ഡോക്ടറിനെയും, ഒരു പാരാമെഡിക്കൽ സ്റ്റാഫിനേയും ഉൾപ്പെടുത്തി ഒ.പി പ്രവർത്തിപ്പിക്കാൻ കഴിയാത്തതിനാൽ അധികമായി രണ്ട് പാരാമെഡിക്കൽ സ്റ്റാഫിന്റെ സേവനം അത്യന്താപേക്ഷിതമാണെന്ന് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 11.04..24 തീയതിയിലെ I(2) തീരുമാനപ്രകാരം അംഗീകരിക്കുകയും ജീവനക്കാരെ നിലനിർത്തുന്നതിനുള്ള അനുവാദം കോർഡിനേഷൻ കമ്മിറ്റിയോട് ഗ്രാമപഞ്ചാത്ത് കമ്മിറ്റിയുടെ 12.03.24 ലെ VII(1)-ാം നം തീരുമാന പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട് എന്നും മറുപടി

നൽകിയിരിക്കുന്നു. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 1,96,160/-രൂപ നിരാകരിക്കുന്നു.

നിരാകരിക്കുന്ന തുക-1,96,160/-രൂപ

ഓഡിറ്റ് എൻക്വയറി നമ്പർ-6/27.07.24

3-2 പഞ്ചായത്ത് ഓഫീസിലേക്ക് പ്രിന്റർ,സ്കാനർ - കരാറുകാരന് അധികം തുക നൽകി

പ്രോജക്ട്-പഞ്ചായത്ത് ഓഫീസിലേയ്ക്ക് പ്രിന്റർ, സ്കാനർ-(84/24)
അടങ്കൽ തുക-400000/-രൂപ ധനകാര്യ കമ്മിഷൻ ഗ്രാന്റ്), 25000/-രൂപ (തനതു ഫണ്ട്)-425000/-രൂപ
നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി
പഞ്ചായത്ത് ഓഫീസിലേക്ക് പ്രിന്റർ, സ്കാനർ എന്നിവ വാങ്ങുന്നതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യാഗസ്ഥനായി പദ്ധതി (S00084/24) ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം സാധനങ്ങൾ വിതരണം ചെയ്ത സ്ഥാപനത്തിന് അധികം തുക അനുവദിച്ച് നൽകി. വിശദാംശം ചുവടെ ചേർക്കുന്നു.
Gem പോർട്ടൽ മുഖേന സി.ബി.എസ്.കോർപ്പറേറ്റ് ബിസിനസ്സ് സൊലൂവിഷൻ എന്ന സ്ഥാപനത്തിൽ നിന്നാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്. ഈ ഇനത്തിൽ ആകെ 252200/-രൂപയുടെ (18% ജി.എസ്.ടി.ഉൾപ്പെടെ) ബില്ലാണ് സ്ഥാപനം ഹാജരാക്കിയെതെങ്കിലും ആകെ 256474/-രൂപ പദ്ധതിക്കായി ചെലവഴിച്ചു . 252200/-രൂപ കരാറുകാരനും, 4274/-രൂപ ജി.എസ്.ടി. ടി.ഡി.എസ്. ഇനത്തിലുമാണ് ചെലവഴിച്ചിട്ടുള്ളത്. ധനകാര്യകമ്മീഷൻ വിഹിതത്തിൽ നിന്നാണ് തുക ചെലവഴിച്ചിട്ടുള്ളത്. 2017-ലെ ചരക്ക് സേവന നികുതി നിയമത്തിലെ സെക്ഷൻ 51 പ്രകാരം 250000/-രൂപയിൽ കൂടുതലുള്ള വാങ്ങലുകൾക്ക് നികുതി ഒഴിച്ചുള്ള തുകയുടെ 2% തുകയ്ക്ക് തുല്യമായ തുക സ്രോതസ്സിൽ നിന്നും നികുതിയായി കുറവ് ചെയ്തതിന് ശേഷം അവശേഷിക്കുന്ന തുക കരാറുകാരന് അനുവദിക്കേണ്ടതിന് പകരം, ഫൈനൽ ബിൽ തുക പൂർണ്ണമായും കരാറുകാരന് അനുവദിച്ച് നൽകുകയും, ടി.ഡി.എസ്. അധികമായി പദ്ധതി വിഹിതത്തിൽ നിന്ന് ഈടാക്കുകയും ചെയ്തു.
വിശദാംശം ചുവടെ ചേർക്കുന്നു.

കരാറുകാരന് അനുവദിച്ച തുക	കരാറുകാരന് അനുവദിക്കേണ്ട തുക	അധികം നൽകിയ തുക
252200/- രൂപ (ACR ബിൽ നം.373/16.08.24	247925/-രൂപ (ബിൽ തുക-213729/-രൂപ + (ജി.എസ്.ടി18%-38471/- TDS2%-4275)	4275/- രൂപ

അധികം നൽകിയ 4275/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ് .

ഓഡിറ്റ് എൻക്വയറി- 18/31.07.24

നിരാകരിച്ച തുക- 4275/- രൂപ

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2023-24	27.07.2024	കെ.എസ്.എ.കെ.എൽ.എം.പി 10/1631/തീയതി -23.08.2024

4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക(രൂപ)	പ്രോജക്ടിൻറെ പേര്	ചെലവ്(രൂപ)
ബ്ലോക്ക് പഞ്ചായത്ത്	2023-24	350000/-	സ്വാന്തന പരിചരണം	350000/-
ബ്ലോക്ക് പഞ്ചായത്ത്	2023-24	250000/-	ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം	250000/-
ബ്ലോക്ക് പഞ്ചായത്ത്	2023-24	930000/-	ലൈഫ് ഭവന നിർമ്മാണം ജനറൽ	930000/-
ബ്ലോക്ക് പഞ്ചായത്ത്	2023-24	940000/-	ലൈഫ് ഭവന നിർമ്മാണം - എസ്.സി.പി	940000/-
ബ്ലോക്ക് പഞ്ചായത്ത്	2023-24	20000/-	വിശപ്പ് രഹിത ഗ്രാമം- ജനകീയ ഹോട്ടൽ	20000/-
ജില്ലാ പഞ്ചായത്ത്	2023-24	100000/-	ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം	100000/-
ജില്ലാ പഞ്ചായത്ത്	2023-24	150000/-	അംഗനവാടി അന്നപൂരക പോഷകാഹാര പരിപാടി- ജനറൽ	150000/-
ജില്ലാ പഞ്ചായത്ത്	2023-24	1870000/-	ലൈഫ് ഭവന നിർമ്മാണം ജനറൽ	1870000/-
ജില്ലാ പഞ്ചായത്ത്	2023-24	750000/-	ലൈഫ് ഭവന നിർമ്മാണം എസ്.സി.പി	750000/-
ജില്ലാ പഞ്ചായത്ത്	2023-24	7590/-	ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി- എസ്.സി.പി	7590/-
ജില്ലാ പഞ്ചായത്ത്	2023-24	294990/-	ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി	294990/-

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

പ്രോജക്ടിന്റെ പേര്	നിർവ്വഹണ ഏജൻസി	മുൻകൂർ നൽകിയ തുക(രൂപ)	ചെലവഴിച്ച തുക(രൂപ)	ബിൽ നമ്പർ (ACR)/ചെക്ക് നമ്പർ	ചെലവഴിക്കാൻ അവശേഷിക്കുന്ന തുക(രൂപ)
പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള സ്ഥാപനങ്ങളിൽ വാട്ടർകണക്ഷൻ	കേരള വാട്ടർ അതോറിറ്റി	52100/- (സി.എഫ്.സി)	-	347/6.3.24	52100/- (സി.എഫ്.സി)
മീനത്തേതിൽ വല്യച്ചൻ നട ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ	കെ.എസ്.ഇ.ബി.	79535/- (സി.എഫ്.സി)	-	287/9.2.24	79535/- (സി.എഫ്.സി)

പഞ്ചായത്ത് ഓഫീസിൽ കുഴൽ കിണർ	ഭൂജല വകുപ്പ്	44595/- (സി.എഫ്.സി)	-	346/6.3.24	44595/- (സി.എഫ്.സി)
ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ്	കെ.എസ്.ഇ.ബി.	149919/- (തനത് ഫണ്ട്)	-	4366786/9.11.23 4366787/10.11.23 001205/001205 001218/15.09.23	149919/- (തനത് ഫണ്ട്)

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 41140000/-രൂപ വരവുണ്ട്. മുൻബാക്കി 7350000/-രൂപയടക്കം 48490000/-രൂപയിൽ, 38430000/-രൂപ വായ്പയിനത്തിൽ വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.
(ഹാജരാക്കിയ ലോൺ രജിസ്റ്റർ പ്രകാരം ഓഡിറ്റ് വർഷം പലിശയിനത്തിൽ 386114 രൂപ വരവുണ്ട്)

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തീയതി	തൻവർഷ വായ്പ തുക(₹)	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹)	തൻവർഷം തിരിച്ചടച്ച തുക(₹)		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹)
				മുതൽ	പലിശ	
ലൈഫ് ഭവന പദ്ധതി	സ.ഉ.(സാധാ) 5105/19 തീയതി 01.08.19	41140,000/-	5,81,24,177/-	73,59,822/-	0	91904355/-

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക (രൂപ)		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-1	-	1,96,160/	ഡോ സെമീന കെ.,മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

3-2		4275/-	ശ്രീമതി ലീന ബീഗം, സെക്രട്ടറി

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക ₹	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-13	571446/- 2,13,226 /-	ശ്രീ. ജി. അനിൽകുമാർ, അസി. സെക്രട്ടറി ശ്രീ.അജിത് മോഹൻ, അസി. സെക്രട്ടറി
1-17	200000 /- 326149/-	ശ്രീ ഡെമാസ്റ്റൺ, സെക്രട്ടറി ശ്രീമതി ലീന ബീഗം, സെക്രട്ടറി
1-20	156570/-	ഡോ. ഗൌരി, മെഡിക്കൽ ഓഫീസർ (ആയൂർവേദം)
1-21	44302/- 25675/-	ഡോ. ശ്രീലക്ഷ്മി എസ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) ശ്രീമതി സെമീന കെ., മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)
1-27	26550/-	ശ്രീമതി രതി റ്റി ജെ(വി.ഇ,ഒ)

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. ഡെമാസ്റ്റൺ, സെക്രട്ടറി	സെക്രട്ടറി, തൊടിയൂർ ഗ്രാമപഞ്ചായത്ത്	ഡെൻസ് ഹൗസ് കാട്ടിൽ കടവ്, കരുനാഗപ്പള്ളി
ശ്രീമതി ലീന ബീഗം, സെക്രട്ടറി	സെക്രട്ടറി, ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത്	അൻസാരി മൻസിൽ, മംഗലത്ത് ഹൗസ്, പന്മന, വടക്കുംതല
ഡോ. ശ്രീലക്ഷ്മി എസ്. മെഡിക്കൽ ഓഫീസർ	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) ശൂരനാട് തെക്ക്	ലക്ഷ്മികൃപ, ഇടക്കുളങ്ങര പി.ഒ, കരുനാഗപ്പള്ളി
ഡോ. ഗൌരി മെഡിക്കൽ ഓഫീസർ	മെഡിക്കൽ ഓഫീസർ (ആയൂർവേദം), ശൂരനാട് തെക്ക്	നികുഞ്ജം, കണ്ണമ്മൂല, തിരുവനന്തപുരം-695011
ശ്രീ. ജി. അനിൽകുമാർ, അസി. സെക്രട്ടറി	വോർക്കാടി ഗ്രാമപഞ്ചായത്ത്, കാസർഗോഡ്	ചൈത്രം, അരിനല്ലൂർ പി.ഒ., തേവലക്കര
ശ്രീ. അജിത് മോഹൻ, അസി. സെക്രട്ടറി	അസി. സെക്രട്ടറി, ശൂരനാട് തെക്ക്	വിശാഖം, ആശുപത്രിമുക്ക്, കുണ്ടറ
ഡോ. സെമീന കെ. മെഡിക്കൽ ഓഫീസർ	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ശൂരനാട് തെക്ക്	പൂയപ്പള്ളിയിൽ ഹൗസ്, പി വി നോർത്ത്, തഴവ
ശ്രീമതി രതി റ്റി ജെ(വി.ഇ,ഒ)	വി.ഇ,ഒ, ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത്	തിരുവാതിര, കല്ലേലിഭാഗം(പി.ഒ)

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1997-98	എൽ.എഫ്.കൃ.പി8/1396(3)/14 തീ. 24.6.14	3
1999-00	എൽ.എഫ്.കൃ.പി8/1396(5)/14 തീ. 24.6.14	5
2001-02	എൽ.എഫ്.കൃ.പി8/1396(7)/14 തീ. 24.6.14	2
2002-03	എൽ.എഫ്.കൃ.പി8/1396(8)/14 തീ. 24.6.14	4
2003-04	എൽ.എഫ്.കൃ.പി8/1396(9)/14 തീ. 24.6.14	2
2004-05	എൽ.എഫ്.കൃ.പി8/1396(10)/14 തീ. 24.6.14	4
2005-06	എൽ.എഫ്.കൃ.പി8/1396(11)/14 തീ. 24.6.14	4
2006-07	എൽ.എഫ്.കൃ.പി8/1396(12)/14 തീ. 24.6.14	6
2007-08	എൽ.എഫ്.കൃ.പി8/1396(13)/14 തീ. 24.6.14	6
2008-09	എൽ.എഫ്.കൃ.പി8/1396(14)/14 തീ. 24.6.14	2
2009-10	എൽ.എഫ്.കൃ.പി8/1396(15)/14 തീ. 24.6.14	6
2010-11	എൽ.എഫ്.കൃ.പി8/1396(16)/14 തീ. 24.6.14	6
2011-12	കെ.എസ്.എ.–കെ.എൽ.എം.പി10/അദാലത്ത്/11-12/1527/22 തീ 22.08.22	6
2012-13 & 2013-14	കെ.എസ്.എ. – കെ.എൽ.എം.പി10/അദാലത്ത്/12-13, 13-14/ 1527/22 തീ 22.08.22	8
2014-15	കെ.എസ്.എ. – കെ.എൽ.എം.പി10/അദാലത്ത്/14-15/1527/22 തീ 22.08.22	7
2015-16	കെ.എസ്.എ. – കെ.എൽ.എം.പി10/അദാലത്ത്/15-16/1527/22 തീ 22.08.22	5
2016-17	കെ.എസ്.എ. കെ.എൽ.എം.പി.10/1724/17 തീയതി, 20.10.2017	9
2017-18	കെ.എസ്.എ. കെ.എൽ.എം.പി. 10/206/19 തീയതി,26/03/19	6
2018-19	കെ.എസ്.എ. കെ.എൽ.എം.പി. 10/479/2020 തീയതി, 10/06/20	6
2019-20	കെ.എസ്.എ. കെ.എൽ.എം.പി. 10/79/2022 തീയതി, 22/06/2022	12
2020-21	കെ.എസ്.എ. കെ.എൽ.എം.പി. 10/1220/2022 തീയതി 25/07/2022	10
2021-22	കെ.എസ്.എ. കെ.എൽ.എം.പി. 10/44/2023 തീയതി 29/03/2023	17
2022-23	കെ.എസ്.എ. കെ.എൽ.എം.പി. 10/1732/2023 തീയതി 31/10/2023	എല്ലാ ഖണ്ഡികകളും

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number I(1) dated 25-05-2024 and submitted on 28-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Sooranad South Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Sooranad South Grama Panchayat as on 31-03-2024

Date: 23/08/2024

Deputy Director
District Office Kollam
Kerala State Audit Department

Audit Report appended to the Audit Certificate of Sooranad South Grama Panchayat for the Year 2023-2024 .

1.Major Observations

2.Other Observations

1) The following mandatory financial statements prescribed in accounting rules are not submitted for audit :-

Ratios, Notes on account.

2) Cashflow statement- Net increase /decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3)The expenditure shown in Appropriation control register didnot match with that shown in Annual financial statement and sulekha statement in respect of Maintenance grant-road.

4) Lapses in making timely and accurate demand entries in respect of tax and non tax revenue.

5) The following registers are not maintained/does not match with accounts/not reliable for audit :-

Stock register (B-14 schedule), Assets Register.

6) misclassification of payment voucher in r/o GST compensation.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-3

അനുബന്ധപത്രികകൾ

1	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	സംക്ഷിപ്തം (Audited Abstract)
2	ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്	
3	ബാലൻസ് ഷീറ്റ്	

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.